I. ഇ.ബി. XII-കേരള നിയമസഭ/XIV-20

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ – സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 മാർച്ച് 25, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

സംസ്ഥാനത്ത് നടന്നുവരുന്ന കൊലപാതക കവർച്ചാ പരമ്പരകൾ

മി. സ്പീക്കർ പാലക്കാട് നഗരമധ്യത്തിൽ പട്ടാപ്പകൽ വീട്ടമ്മയെ കൊലചെയ്യുകയും മാതാവിനെ പരിക്കേൽപ്പിക്കുകയും ചെയ്ത സംഭവത്തെത്തുടർന്ന് ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സി.പി. മുഹമ്മദ്, സി.ടി. അഹമ്മദ് അലി, കെ.കെ. ഷാജു, കെ.ബി. ഗണേഷ് കുമാർ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. കെ.കെ. ദിവാകരൻ സബ്മിഷന് നോട്ടീസ് നൽകിയിട്ടുണ്ട്.)

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പാലക്കാട് ജില്ലയിലെ നോർത്ത് പോലീസ്സ്റ്റേഷൻ പരിധിയിൽ പുത്തൂർ 'സായൂജ്യം' വീട്ടിൽ ജയകൃഷ്ണന്റെ ഭാര്യ ഷീലയെ 23-3-2010-ന് പകൽ 10 മണിക്കും രണ്ടുമണിക്കുമിടയിൽ കഴുത്തിനുകുത്തി കൊലചെയ്യപ്പെട്ട നിലയിലും മാതാവ് കാർത്ത്യായനിയെ തലയ്ക്ക് പരുക്കേറ്റ നിലയിലും കാണപ്പെടുകയും വീട്ടിൽ നിന്ന് സ്വർണ്ണാഭരണങ്ങളും പണവും മോഷണം പോയിട്ടുള്ളതായി മനസ്സിലാവുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ജയകൃഷ്ണന്റെ സ്നേഹിതന്റെ പരാതിപ്രകാരം പാല്ക്കാട് ടൗൺ നോർത്ത് പോലീസ് സ്റ്റേഷനിൽ വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. പരിക്കേറ്റ മാതാവ് കാർത്ത്യായനി ചികിത്സയിലാണ്. തൃശ്ശൂർ റെയ്ഞ്ച് ഐ.ജി.യുടെ മേൽനോട്ടത്തിൽ പാലക്കാട് എസ്.പി.യുടെ നേതൃത്വത്തിലും നോർത്ത് ടൗൺ, സൗത്ത് ടൗൺ എന്നീ സി.ഐ.മാരുടെ മേൽനോട്ടത്തിൽ രണ്ട് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചും ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. തൃശ്ശൂർ റെയ്ഞ്ച് ഐ.ജി.യും ജില്ലാ പോലീസ് സൂപ്രണ്ടും സ്ഥലം സന്ദർശിച്ച് കേസന്വേഷണം ത്വരിതപ്പെടുത്താൻവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഫിങ്കർ പ്രിന്റ് എക്സ്പെർട്ട്, സയന്റിഫിക് അസിസ്റ്റന്റ് എന്നിവർ സ്ഥലത്തെത്തി തെളിവുകൾ ശേഖരിക്കുകയും ഡോഗ് സ്ക്വാഡിന്റെ സേവനം പ്രയോജനപ്പെടുത്തുകയും സമീപവാസികളുടെ മൊഴി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സമാന കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കുറ്റവാളികളുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട്

കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും കോയമ്പത്തൂർ, തിരുപ്പൂർ എന്നിവിടങ്ങളിലേയ്ക്കും ഇ-മെയിൽ സന്ദേശം അയയ്ക്കുകയും ചെയ്തിട്ടുണ്ട്. സൈബർ സെൽ, ഐ.ടി. ഉദ്യോഗസ്ഥർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് കുറ്റവാളികളെ എത്രയുംവേഗം പിടികൂടുന്നതിനുള്ള സമഗ്രമായ അന്വേഷണം നടത്തിവരികയാണ്. ഈ സാഹചര്യത്തിൽ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. സി.പി. മുഹമ്മദ്: പാലക്കാട് ജില്ലയിലെ പുത്തൂരിൽ 23-3-10-ന് ഉച്ചയ്ക്ക് ഒന്നരമണിയോടുകൂടി ഷീലയെ രക്തത്തിൽ കുളിച്ചുകിടക്കുന്ന അവസ്ഥയിലും മാതാവിനെ തലയ്ക്കു പരുക്കേറ്റ് അബോധാവസ്ഥയിലുമാണ് കാണപ്പെട്ടത്. ഇത്രയും ദാരുണവും ഭയാനകവുമായ കൊലപാതകം സംസ്ഥാനത്ത് ഇതിനുമുമ്പുണ്ടായിട്ടില്ല. ക്രൈം റിക്കോർഡ് ബ്യൂറോയുടെ കണക്കനുസരിച്ച് കേരളം ഇന്ന് കുറ്റകൃത്യങ്ങളിൽ ഒന്നാം സ്ഥാനത്താണ്. കഴിഞ്ഞ നാലുവർഷത്തിനിടയിൽ സംസ്ഥാനത്ത് 1435 കൊലപാതകങ്ങളും 2999 കവർച്ചകളും 9 കസ്റ്റഡി മരണങ്ങളും നടന്നിട്ടുണ്ട്. തീവ്രവാദം കേരളത്തിൽ കൊടികുത്തിവാഴുന്നു. കേരളാ പോലീസ് നിഷ്ക്രിയമായതുകൊണ്ടാണ് ഇങ്ങനെ കൊലപാതകങ്ങളും കവർച്ചകളും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കേരളത്തിൽ കൊലപാതകങ്ങളും കവർച്ചകളും നിത്യസംഭവമായിരിക്കുക യാണ്. അതുകൊണ്ട് ഈ അടിയന്തിര സാഹചര്യം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. വിജയകുമാർ: സർക്കാർ നടത്തിയിട്ടുള്ള നടപടികളെ സംബന്ധിച്ച് ഇവിടെ പറഞ്ഞുകഴിഞ്ഞു. ഈ കാര്യത്തിൽ കർശനമായ

നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ചുരുങ്ങിയ നാളുകൾക്കുള്ളിൽ യഥാർത്ഥ കൊലയാളികളെ കണ്ടെത്തി മാതൃകാപരമായ ശിക്ഷ നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): മഹാരാഷ്ട്രയിൽ നിന്നും തമിഴ്നാട്ടിൽനിന്നുമൊക്കെ കൊള്ളക്കാരും കവർച്ചക്കാരും കേരളത്തിലേയ്ക്ക് കടക്കുന്നതിനെതിരെ ശക്തമായ നടപടികളുണ്ടാകണം. അതിന് പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണയുണ്ടാകും. പാലക്കാട് ടൗണിലും ചിറ്റൂരിലും തുടർച്ചയായി രാഷ്ട്രീയ സംഘട്ടനങ്ങളും കടന്നാക്രമണങ്ങളുമുണ്ടായിട്ടും ആരേയും അറസ്റ്റ് ചെയ്തിട്ടില്ല. പോലീസിന് ആത്മവിശ്വാസമോ പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമോ ഇല്ലാത്ത സ്ഥിതിയാണ്. പട്ടാപ്പകൽപ്പോലും ആർക്കും എന്തും ആകാമെന്നുള്ള സ്ഥിതി വരുന്നത് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. അത് തടയാൻ കർശനമായ നടപടിയുണ്ടാകണം. പോലീസിന് നിയമവാഴ്ച നടത്തുവാൻ പൂർണ്ണ സ്വാതന്ത്ര്യം കൊടുക്കണം.

ശ്രീ. എം. വിജയകുമാർ: പാലക്കാട്ടേയും ചിറ്റൂരിലേയും സംഭവങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ ശേഖരിച്ച് നൽകുകയും ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

**ശ്രദ്ധക്ഷണിക്കൽ**

(1) ഭക്ഷ്യ സംസ്ക്കരണ കേന്ദ്രം

ശ്രീ. അടൂർ പ്രകാശ്: കേരളത്തിന് അനുവദിച്ച ഭക്ഷ്യ ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ ആരംഭിച്ച ഈ സ്ഥാപനത്തിന് 110 ഏക്കർ ഭൂമി കണ്ടെത്തിയിരുന്നെങ്കിലും ഈ ഗവൺമെന്റ് 35 ഏക്കർ ഭൂമി വിട്ടുകൊടുക്കുകയുണ്ടായി. ഈ സ്ഥാപന ത്തോടനുബന്ധമായി സ്വാശ്രയ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനമെന്ന നിലയിൽ ഫുഡ് ടെക്നോളജിയുമായി ബന്ധപ്പെട്ടുകൊണ്ട് ബി.എസ്. സി.,.എം.എസ്.സി., എം.ബി.എ., ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, എം.എസ്. സി. കാറ്ററിംഗ് ടെക്നോളജി എന്നീ കോഴ്സുകൾ ആരംഭിക്കുവാനാണ് തീരുമാനമെടുത്തിരുന്നത്. കഴിഞ്ഞ അധ്യയന വർഷത്തിൽ എം.എസ്.സി. യുടെ ഫുഡ് ടെക്നോളജി ക്ളാസ്സുകൾക്ക് ആരംഭം കുറിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ അടിസ്ഥാന വികസന സൗകര്യങ്ങളൊന്നും ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ബി.എസ്.സി. ക്ലാസ്സുകൾക്ക് കുട്ടികളെ കിട്ടി യില്ല. ഈ സ്ഥാപനത്തിന്റെ ഹെഡ്ഓഫീസ് കോന്നിയാക്കുകയും സ്വതന്ത്ര ചുമതലയുള്ള ഒരു വ്യക്തിയെ ഇതിന്റെ ചുമതല ഏൽപ്പിക്കുകയും പ്രവർത്തനങ്ങൾക്കാവശ്യമായ തുക അനുവദിക്കുകയും വേണം. കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച നിർമ്മിതിയുടെ പ്രോജക്ട് നടപ്പാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ടും അനുവദിക്കണം. കേന്ദ്ര ഗവൺമെന്റിൽ നിന്നും അംഗീകരിച്ച പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഇതിനാവശ്യമായ തുക ഘട്ടം ഘട്ടമായി നേടിയെടുക്കാനുള്ള നടപടികൾ സ്വീകരിക്കണം. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ കെട്ടിടം ഉൾപ്പെടെ നിർമ്മിക്കുന്നതിന് നടപടി ഉണ്ടാകണം. സ്വാശ്രയ മേഖലയിൽ ആരംഭിക്കുവാൻ തീരുമാനിച്ച ബി.എസ്.സി.,. എം.എസ്.സി., എം.ബി.എ. ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കാറ്ററിംഗ് ടെക്നോളജി തുടങ്ങിയ കോഴ്സു

കൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. ഭക്ഷ്യ സംസ്ക്കരണ കേന്ദ്രം ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കുവാൻ 50 ഏക്കർ സ്ഥലം കിൻഫ്രയ്ക്ക് വിട്ടുകൊടുക്കണം. എം.ബി.എ ഹോസ്പിറ്റാലിറ്റി മാനേജുമെന്റ്, എം.എസ്.സി കാറ്ററിംഗ് ടെക്നോളജി എന്നീ കോഴ്സുകൾ അടുത്ത അദ്ധ്യയന വർഷത്തിനുമുൻപ് തന്നെ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): 23-12-2006-ലെ ഉത്തരവ് അനുസരിച്ച് 35 ഏക്കർ സ്ഥലം കോന്നി ഭക്ഷ്യ സംസ്ക്കരണ കേന്ദ്രത്തിന് കൈമാറുകയും. സപ്ലൈകോ സി.എം.ഡി. യെ സ്പെഷ്യൽ ഓഫീസറായി നിയോഗിച്ച് കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായി കോന്നിയിലെ ഭക്ഷ്യ ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ഘട്ടം ഘട്ട മായി ആരംഭിക്കുകയും ചെയ്തു. ഫുഡ് ക്വാളിറ്റി മോണിറ്ററിഗ് ലബോറട്ടറി യുടെ ഭാഗമായി മൈക്രോ ബയോളജി ലബോറട്ടറി പ്രവർത്തനമാരംഭി ച്ചിട്ടുണ്ട്. ഇവിടെ ഒരു മാസം ശരാശരി 200-ൽപ്പരം ഭക്ഷ്യസാമ്പിളുകൾ ടെസ്റ്റ് ചെയ്യുന്നതുവഴി മൂന്നു ലക്ഷത്തിൽപ്പരം രൂപയുടെ വരുമാനമുണ്ടാകു ന്നുണ്ട്. ഭക്ഷ്യ ഗുണമേന്മ നിലവാര പരിശോധനാ കേന്ദ്രത്തിൽ ഗവേഷ ണങ്ങൾക്കുതകുന്ന നൂതന ഉപകരണങ്ങളാണ് സ്ഥാപിച്ചിട്ടുള്ളത്. ഇറക്കു മതി ചെയ്യുന്ന ഭക്ഷ്യസാധനങ്ങൾ പരിശോധിക്കുന്നതിനും എൻ.എ.ബി.എൽ. മുദ്രണം ലഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുറഞ്ഞ സമയത്തിനുള്ളിൽ സൂക്ഷ്മമായ പരിശോധന സംവിധാനത്തിനും ആവശ്യ മായ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. College of Indigenous Technology

25-2-2006-ൽ CFRD-ക്ക് കോളേജ് ആരംഭിക്കുന്നതിനുള്ള അനുവാദവും ബി.എസ്.സി., എം.എസ്.സി., ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് എന്നീ കോഴ്സുകൾ നടത്തുവാൻ 23-6-2009-ൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി കോളേജിന് അഫിലിയേഷനും നൽകി. 19-8-2009-ന് 14 വിദ്യാർത്ഥികളോടുകൂടി. എം എസ്.സി. കോഴ്സിനുള്ള ക്ളാസ്സുകൾ ആരംഭിക്കുകയുമുണ്ടായി. കോളേജ് സി.എഫ്. ആർ.ഡി. കോംപൗണ്ടിനുള്ളിലാണ് പ്രവർത്തിക്കുന്നത്. സ്ഥിരം അധ്യാപകരെ കിട്ടുന്നതുവരെ കരാർ അടിസ്ഥാനത്തിൽ 4 അധ്യാപകരെ നിയമിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി 3 കോടിയോളം രൂപയുടെ ചെലവു പ്രതീക്ഷിക്കുന്ന പ്രോജക്ട് തയ്യാറിക്കിയിട്ടുണ്ട്. ഭക്ഷ്യ പാനീയ സംസ്ക്കരണം, ഗുണമേന്മ എന്നീ കാര്യങ്ങളെക്കുറിച്ച് അന്താരാഷ്ട്ര നിലവാരത്തിൽ ഒരു ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി. ഭക്ഷ്യ സംസ്ക്കരണ കേന്ദ്രം സ്ഥാപിക്കുന്നതിന് 50 കോടി രൂപയുടെ സഹായം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഭക്ഷ്യ ഗവേഷണ വിദ്യാഭ്യാസ വിദഗ്ദ്ധനായ ഡോ. കെ. മുകുന്ദനെ CFRD-യുടെ ഡയറക്ടറായി നിയമിച്ചിട്ടുണ്ട്.

(2) <u>ചെറുകിട വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ</u>

<u>ശ്രീ. സാജു പോൾ</u>: ഇന്ന് ചെറുകിട വ്യവസായ സംരംഭകർ അഭിമുഖീകരിക്കുന്ന ഭൂമിയുടെ ലഭ്യത, ബാങ്ക് വായ്പ ലഭിക്കാനുള്ള തടസ്സം, മാർക്കറ്റിംഗ് എന്നീ പ്രശ്നങ്ങളിൽ സർക്കാർ സജീവമായി ഇടപെടണം. എല്ലാ പഞ്ചായത്തുകളിലും വ്യവസായ പാർക്കുകൾ ആരംഭിക്കണം. കുറഞ്ഞ വിലയ്ക്ക് ഭൂമി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

എഞ്ചിനീയറിംഗ് പാർക്കുകൾക്ക് പ്രത്യേക പരിഗണന നൽകണം. കൃഷിക്കാർക്ക് വായ്പ നൽകുന്നതുപോലെ മുൻഗണനാക്രമത്തിൽ ആറ് ശതമാനം പലിശയ്ക്ക് ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് വായ്പ നൽകാൻ നടപടി സ്വീകരിക്കണം. മാർജിൻ മണി, സീഡ് മണി എന്നിവ അനുവദിക്കുന്ന സംവിധാനം പരിഷ്ക്കരിക്കുകയും പുതിയ സംരംഭകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. വിവിധ ലൈസൻസുകൾക്കുള്ള കാലതാമസം ഒഴിവാക്കണം. ആധുനിക കാലഘട്ടത്തിലെ മാർക്കറ്റിംഗ് തന്ത്രങ്ങൾ ചെറുകിട വ്യവസായ മേഖലയെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്. അതുകൊണ്ട് ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിൽ അടക്കം ചെറുകിട വ്യവസായങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് പ്രത്യേക പരിഗണന നൽകണം. റെയിൽവേ തുടങ്ങിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെയും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ ചെറുകിട വ്യവസായ സ്ഥാപനങ്ങളെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയണം. സ്വയംതൊഴിൽ ചെയ്ത് സ്ഥാപനങ്ങൾ നടത്തുന്നവർക്ക് ക്ഷേമനിധി ഏർപ്പെടുത്തണം. കെ.എഫ്.സി.യിൽ നിന്നും ഖാദി ബോർഡിൽ നിന്നുമൊക്കെ വായ്പയെടുത്ത് പ്രതിസന്ധിയിലായ സ്ഥാപനങ്ങളെ സഹായിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന 40 ശതമാനം പദ്ധതി വിഹിതത്തിന്റെ 30 ശതമാനവും ഉൽപ്പാദന മേഖലയ്ക്ക് നീക്കി വയ്ക്കണം. കേന്ദ്ര സംസ്ഥാന ഏജൻസികളെ തമ്മിൽ ഏകോപിപ്പിച്ച് ചെറുകിട വ്യവസായ മേഖലയെ രക്ഷിക്കാനാവശ്യമായ സമഗ്രമായ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): ചെറുകിട വ്യവസായ മേഖലയുടെ സംരക്ഷണത്തിനും വികസനത്തിനും കാര്യമായ

പരിഗണനയാണ് സർക്കാർ നൽകി വരുന്നത്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് യഥാസമയം വായ്പ അനുവദിക്കാൻ തീരുമാനമായിട്ടുണ്ട്. കേരളത്തിന്റെ വ്യവസായ ആവശ്യങ്ങൾക്ക് മതിയായ ഭൂമി ലഭ്യമാകുന്നതിനുള്ള ബുദ്ധിമുട്ട് മനസ്സിലാക്കി ഈ വർഷം എറണാകുളം ജില്ലയിലെ എടയാറിൽ ആദ്യത്തെ ബഹുനില വ്യവസായ കെട്ടിടം സ്ഥാപിക്കുന്നതിനും അടുത്ത സാമ്പത്തിക വർഷം തൃശ്ശൂർ ജില്ലയിൽ ബഹുനില വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കിൻഫ്രയുടെ മേൽനോട്ടത്തിൽ സംസ്ഥാനത്ത് 50 ബഹുനില വ്യവസായ എസ്റ്റേറ്റുകൾ തുടങ്ങാനും പദ്ധതി ഇട്ടിട്ടുണ്ട്. നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന പദ്ധതിയിൽ പാലക്കാട് ജില്ലയിലെ കഞ്ചിക്കോടും ആലപ്പുഴ ജില്ലയിലെ അരൂരും ആധുനികവൽക്കരിക്കുന്നതിനുള്ള പ്രക്രിയ ആരംഭിച്ചു കഴിഞ്ഞു. ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള വിവിധ ലൈസൻസുകൾ വളരെ വേഗം ലഭ്യമാക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ ഗ്രീൻ ചാനൽ ക്ലിയറൻസ് കമ്മിറ്റിയും ജില്ലാതല സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡും സംസ്ഥാനതല സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡും പ്രവർത്തിച്ചുവരുന്നു. ചെറുകിട മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് കമ്പോളം കണ്ടെത്താനായി വ്യാപാര മേളകളും പ്രദർശന വിപണന മേളകളും സംഘടിപ്പിക്കുന്നതിനുപുറമെ മലപ്പുറം ക്രാഫ്റ്റ് മേള, കേരള അഗ്രി ഫുഡ് ടെക്നോളജി മീറ്റ്, കേരള ബാംബൂ ഫെസ്റ്റ്, ബേപ്പൂർ ഫെസ്റ്റ് തുടങ്ങിയ വിപണന മേളകൾ സ്ഥിരമായി സംഘടിപ്പിച്ചുവരുന്നു. സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷന്റെ

ആഭിമുഖ്യത്തിൽ നടത്തുന്ന വിപണന മേളകളിലൂടെ ചെറുകിട മേഖലയുടെ ഉല്പന്നങ്ങൾ വൻതോതിൽ വിറ്റഴിക്കാനും പുതിയ വിപണി കണ്ടെത്താനും സഹായിക്കുന്നു. എറണാകുളം ജില്ലയിൽ ഒരു വ്യവസായ കെട്ടിട സമുച്ചയം സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചു. സാങ്കേതിക വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ അപാര്യപ്തത പരിഹരിക്കുന്നതിനായി തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുകയും ഒരേ സ്വഭാവത്തിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ സംരംഭങ്ങളെ കൂട്ടിയോജിപ്പിച്ച് 8 വ്യവസായ ക്ളസ്റ്ററുകൾക്ക് രൂപം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ചെറുകിട വ്യവസായ മേഖലയിലെ സംരംഭകരുടെ പരാതികൾ വിവിധ ജില്ലകളിൽ നടത്തിയ മുഖാമുഖം പരിപാടിയിലൂടെ പരിഹരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ജില്ലകളിൽ ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തി പുതിയ സംരംഭകരെ കണ്ടത്തുവാൻ കഴിഞ്ഞു. ചെറുകിട വ്യവസായ ക്ഷേമപദ്ധതിയിലേയ്ക്ക് സർക്കാരിന്റെ വിഹിതമായി ഒരു കോടി രൂപ നൽകാൻ സാധിച്ചിട്ടുണ്ട്. വ്യവസായ ആവശ്യത്തിനുള്ള യൂറിയ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തുകയാണ്.

**സബ്മിഷൻ**

(1) <u>എം.ഡി.ആർ - ഒ.ഡി.ആർ ലിസ്റ്റ് പുന:സ്ഥാപിക്കൽ</u>

<u>ശ്രീ. രാജു എബ്രഹാം</u>: കേരളത്തിലെ മിക്ക നിയോജക മണ്ഡലങ്ങളിലേയും എം.ഡി.ആർ- ഒ.ഡി.ആർ പി.ഡബ്ള്യുഡി.യിലും ത്രിതല പഞ്ചായത്തിലും ഇല്ലാത്ത സാഹചര്യത്തിൽ എം.ഡി.ആർ.-ഒ.ഡി.ആർ. ലിസ്റ്റ് പുന:ക്രമീകരിക്കുകയും ഒ.ഡി.ആർ റോഡുകൾ പൊതുമരാമത്ത് വകുപ്പിൻകീഴിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ കൈവശമില്ലാത്തതും ഉടമസ്ഥാവകാശ തർക്കംമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന പ്രവർത്തനം നടത്താൻ കഴിയാത്തതുമായ റോഡുകൾ സഞ്ചാര്യയോഗ്യമല്ലാത്ത അവസ്ഥ മനസ്സിലാക്കി. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നേരത്തെയുണ്ടായിരുന്നതും ജില്ലാതല പ്രാധാന്യമുള്ളതുമായ പ്രധാന റോഡുകൾ പൊതുമരാമത്ത് വകുപ്പിൽ നിക്ഷിപ്തമാക്കണമെന്നുള്ള നിയമസഭാ സബ്കമ്മിറ്റിയുടെ ശുപാർശയുടേയും ജനപ്രതിനിധികളുടെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ 7385 കിലോമീറ്റർ മേജർ റോഡുകൾ മേജർ ഡിസ്ട്രിക്ട് റോഡുകളുടെ പട്ടികയിലുൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിൽ നിലനിറുത്തി സർക്കാർ ഉത്തരവിടുകയുണ്ടായി. പൊതുമരാമത്ത് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാർ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ചില മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചതിന്റെ വെളിച്ചത്തിൽ പൊതുമരാമത്ത് വകുപ്പിനും തദ്ദേശ സ്വയംഭരണ വകുപ്പിനും അതാത് മേഖലയിൽ വരുന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കും. വീണ്ടും മറ്റുചില നിർദ്ദേശങ്ങൾ ഉയർന്നുവന്നതിനാൽ ഈ വിഷയം ഒന്നുകൂടി പരിശോധിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(2) മുങ്ങിമരിച്ച വിദ്യാർത്ഥികളുടെ കുടുംബത്തിന് ധനസഹായം

ശ്രീ. എ.എം. യൂസഫ് : ഏലൂരിലെ എടമുളയാറിൽ മുങ്ങി മരിച്ച വിദ്യാർത്ഥികളുടെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> മുങ്ങി മരിച്ച വിദ്യാർത്ഥികളുടെ കുടുംബത്തിന് അർഹമായ സാമ്പത്തിക സഹായം നൽകുന്ന കാര്യം ഇന്ന് ചേരുന്ന ക്യാബിനറ്റിൽ തീരുമാനിക്കുന്നതാണ്.

(3) <u>സ്വാതന്ത്ര്യ സമര സേനാനി കുടിലിൽ ജോർജ്ജിന് സ്മാരകം</u>

<u>ശ്രീ. പി.സി. വിഷ്ണുനാഥ്</u> : ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ദേശീയ സ്വാതന്ത്ര്യ സമരത്തിൽ രക്തസാക്ഷിത്വം വരിച്ച കുടിലിൽ ജോർജ്ജിന് സ്മാരകം നിർമ്മിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിൽ സ്വാതന്ത്ര്യ സമര സേനാനികളുടെ പേരിൽ സ്മാരകം നിർമ്മിക്കുന്നതിനാവശ്യമുള്ള സ്ഥലം ലഭ്യമാക്കുന്നതിന് മുനിസിപ്പൽ സെക്രട്ടറിയിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(4) <u>റോഡ് വികസനത്തിന് ഭൂമി ഏറ്റെടുക്കാൻ നടപടി</u>

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. ജോസഫ് എം. പുതുശ്ശേരിയും ശ്രീ. അബ്ദുൾ റഹിമാൻ രണ്ടത്താണിയും സബ്മിഷൻ നൽകിയിട്ടുണ്ട്)

<u>ശ്രീ. വി. എൻ. വാസവൻ:</u> കോട്ടയം കുമരകം റൂട്ടിലെ താഴത്തങ്ങാടി റോഡ് വികസനത്തിന് ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി ഭൂമി ഏറ്റെടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):</u> കോട്ടയം കുമരകം റോഡിന് 9 മീറ്റർ നീളവും 12 മീറ്റർവരെ വീതിയുമുണ്ട്. ടാറിംഗ് വീതി അഞ്ചര മീറ്ററാണ്. ഈ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ടൂറിസം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്നു. 12 മീറ്റർ വീതിയിൽ

റോഡ് നിർമ്മിച്ച് 7 മീറ്റർ വീതിയിൽ ടാർ ചെയ്യുന്നതിനുള്ള പണി ആരംഭിച്ചു കഴിഞ്ഞു. വീതി കുറവുള്ള ഭാഗങ്ങളിൽ സ്ഥലം ഏറ്റടുക്കുന്നതിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയതിനു പുറമെ 10 കോടി രൂപകൂടി ഇപ്പോൾ അധികമായി അനുവദിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുവാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. പൊതുതാല്പര്യം മുൻനിറുത്തി കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി തുടങ്ങിയ വകുപ്പുകൾ ഏകോപിപ്പിച്ച് ഫാസ്റ്റ് ട്രാക്കിൽ സ്ഥലമെടുത്ത് റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതാണ്

(5) <u>മത വികാരം വ്രണപ്പെടുത്തുന്ന പുസ്തകം വിതരണം ചെയ്തത സംഭവം</u>

<u>ശ്രീ. പി. എം. എ. സലാം</u>: കഴിഞ്ഞ ദിവസം പത്തനംതിട്ട ജില്ലയിലെ ചുങ്കപ്പാറയിൽ പ്രവാചകനെ നിന്ദിച്ചുകൊണ്ടും അശ്ലീല പരാമർശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും വ്യാപകമായി വിതരണം ചെയ്ത പുസ്തകത്തിന്റെ പ്രസിദ്ധീകരണശാലയ്ക്കെതിരെ കേസ്സെടുക്കുന്നതിനും ഗ്രന്ഥകാരനെ അറസ്റ്റ് ചെയ്യുന്നതിനും നടപടിയുണ്ടാകണം.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: ഈ പ്രദേശത്ത് സമാധാനം പുന:സ്ഥാപിക്കുന്നതിനും സാമൂഹ്യ ശക്തികളെ അമർച്ച ചെയ്യുന്നതിനും ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകണം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: ഇത്തരത്തിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചവർക്കെതിരെ നടപടി സ്വീകരിക്കണം.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. ഉമ്മൻചാണ്ടി):</u> സംസ്ഥാനത്ത് നില നിൽക്കുന്ന മതസൗഹാർദ്ദം തകർക്കുവാൻ ബോധപൂർവ്വമായി നടത്തിയ ശ്രമത്തിനെതിരെ കർശന നടപടി സ്വീകരിക്കണം. തെറ്റായ വാർത്തകൾ

പ്രചരിപ്പിച്ച് അവിടെ പ്രശ്നങ്ങൾ ഉണ്ടാക്കാൻ ചിലർ ശ്രമിക്കുന്നുണ്ട്. അതു കൊണ്ട് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂടി ഇതിനെതിരെയുള്ള പൊതു വായ തീരുമാനമെടുത്ത് മുന്നോട്ടുപോകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രിക്കു വേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറ മുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> പത്തനംതിട്ട ജില്ലയിലെ ചുങ്കപ്പാറ പുന്നയ്ക്കൽ വീട്ടിൽ സാം ജേക്കബ്ബിന്റെ ശവസംസ്കാര ചടങ്ങിന് വന്ന പാസ്റ്റർമാരും ബന്ധുക്കളും ചേർന്ന് ഒരു സമുദായത്തെ അവഹേളി ക്കുന്ന രീതിയിലുള്ള ഒരു പുസ്തകം അവിടെ വിതരണം ചെയ്തു. പ്രവാചകരെ അവഹേളിക്കുന്ന തരത്തിൽ മതവികാരം വൃണപ്പെടുത്തുന്ന വാചകങ്ങൾ ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ള ആരോപണം ഉണ്ടാവുകയും കോട്ടങ്ങൽ ജുമാഅത് പ്രസിഡന്റിന്റെ മൊഴിയുടെ അടിസ്ഥാ നത്തിൽ പെരുമ്പട്ടി പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും മരണപ്പെട്ട സാം ജേക്കബിന്റെ മൂന്ന് സഹോദരന്മാരേയും മകനേയും ഒരു പാസ്റ്ററേയും രാത്രി 8.30 മണിയോടുകൂടി അറസ്റ്റു ചെയ്യുകയും പുസ്തകത്തിന്റെ കോപ്പികളും അതു കൊണ്ടുവന്ന ഇന്നോവ കാറും കസ്റ്റഡിയിലെടുക്കുകയും ചെയ്തിട്ടുണ്ട്. ഈ പുസ്തകം അച്ചടിച്ച പ്രസ്സിനെക്കുറിച്ചും പ്രസാധകരെക്കുറിച്ചും അന്വേഷണം നടത്തിവരുന്നു. സംഭവസ്ഥലത്ത് പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പോലീസ് പിക്കറ്റിംഗും പട്രോളിംഗും നടത്തിവരുന്നുണ്ട്. സർക്കാർ ബന്ധപ്പെട്ടവരെ വിളിച്ച് ചർച്ചചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(6) <u>എസ്.എസ്.എൽ.സി. മലയാളം ചോദ്യപേപ്പർ നൽകുന്നതിലുണ്ടായ കാലതാമസം</u>

<u>ശ്രീ. വി. ജെ. തങ്കപ്പൻ:</u> നെയ്യാറ്റിൻകര നെല്ലിമൂട് ന്യൂ ഹയർ സെക്കന്ററി സ്കൂളിൽ 15.03.2010-ന് നടന്ന എസ്.എസ്.എൽ.സി. മലയാളം പരീക്ഷയുടെ ചോദ്യപേപ്പർ വൈകി നൽകിയതുമൂലം പരീക്ഷ എഴുതി പൂർത്തിയാക്കാൻ സാധിക്കാത്ത 16 വിദ്യാർത്ഥികളുടെ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം. എ. ബേബി):</u> പ്രസ്തുത പരീക്ഷാ സെന്ററിൽ പരീക്ഷാ പേപ്പർ വൈകി നൽകിയ ഇൻവിജിലേറ്ററിനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും ഈ പരാതി സംബന്ധിച്ച് സമഗ്രമായി അന്വേഷണം നടത്താൻ പരീക്ഷാ ഭവൻ ജോയിന്റ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. അന്വേഷണ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ആവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

(7) <u>കൽപ്പറ്റ മണ്ഡലത്തിലെ മരാമത്ത് പണികൾ</u>

<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u>: വിഷൻ 2010, മലബാർ പാക്കേജ് എന്നീ പദ്ധതികളിൽ ഉൾപ്പെട്ട വയനാട് ജില്ലയിലെ കൽപ്പറ്റ മണ്ഡലത്തിൽ അനുവദിച്ച മരാമത്ത് പണികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം. പാത്തിക്കൽ-കക്കടവ് പാലത്തിന്റെ പണി, കണിയാംപറ്റ മോഡൽ റെസിഡൻഷ്യൽ സ്കൂൾ, കാക്കവേൽ പട്ടികവർഗ്ഗ പ്രീമെട്രിക് ഹോസ്റ്റൽ, മേപ്പാടി ഗവൺമെന്റ് പോളിടെക്നിക്, കല്പറ്റ കോടതി സമുച്ചയം എന്നിവയുടെ പണികൾ സമയബന്ധിതമായി പൂർത്തിയാക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): കൽപ്പറ്റ മണ്ഡലത്തിൽ ചിക്കല്ലൂർ പാലത്തിന്റെ പൈലിംഗ് പണിയും അഴുക്കലോടി പാലത്തിന്റെ അബൺമെന്റിനുവേണ്ട മൺ പണിയും തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. പാത്തിക്കൽ, കക്കടവ് പാലങ്ങൾ ഇൻവെസ്റ്റിഗേഷൻ സ്റ്റേജിലാണ്. ചെന്നലോട്, ഊട്ടുപാറ റോഡിന്റെ പ്രവൃത്തി 80 ശതമാനം പൂർത്തിയായി. കൽപ്പറ്റ ബൈപ്പാസിന്റെ രണ്ട് കിലോമീറ്റർ ദൂരം പൂർത്തീകരിച്ചു. ചെന്നലോട്, മുണ്ടൻകുറ്റി, ചോദ്യംകൊല്ലി റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. കാവുമനം സ്കൂൾ, കർലാട് തടാകം പുനരുദ്ധാരണം, ബാണാസുരസാഗർ ഡാം, പന്തിപുയിൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്നീ പദ്ധതികൾ ടെൻഡർ ചെയ്തു. മേപ്പാടി പോളിടെക്നിക്കിന്റെ കെട്ടിട നിർമ്മാണത്തിനായി ദർഘാസ് ക്ഷണിച്ചു. കൽപ്പറ്റ മോഡൽ റെസിഡൻഷ്യൽ സ്കൂളിന്റെ നിർമ്മാണം കിറ്റ്കൊയെയും കാക്കവയൽ പ്രി മെട്രിക് സ്കൂളിന്റെ നിർമ്മാണം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനേയും ഏൽപ്പിച്ചു. കൽപ്പറ്റ കോടതി സമുച്ചയത്തിന്റെ ഭരണാനുമതിക്കായി കരട് എസ്റ്റിമേറ്റ് ഹൈക്കോടതി രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുണ്ട്. കൽപ്പറ്റ ഗവൺമെന്റ് കോളേജിന്റെ അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതാണ്. വയനാട് ഗവൺമെന്റ് പ്രസിന്റെ സ്റ്റാഫ് ക്വാർട്ടേഴ്സ്, തൊഴിൽ ഭവൻ എന്നിവയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിച്ചു വരുന്നു.

(8) ജ്യോതിഷം തൊഴിലായി സ്വീകരിച്ചവർക്ക് ക്ഷേമനിധിയും പെൻഷനും

ശ്രീ. എൻ. ശക്തൻ: ന്യൂനപക്ഷ പിന്നോക്ക സമുദായാംഗങ്ങളായ പത്തുലക്ഷത്തോളം വരുന്ന ഗണകൻ, കണിശൻ, കണിയാർ, കണിയാർ പണിക്കർ, കളരിക്കുറുപ്പ് എന്നീ സമുദായാംഗങ്ങൾ ക്ഷേമനിധിയും പെൻഷനും ആവശ്യപ്പെട്ട് ഇന്ന് (25-03-2010) സെക്രട്ടേറിയറ്റ് നടയിൽ നിരാഹാര സത്യാഗ്രഹം നടത്തുകയാണ്. ഇതിൽ ഒരു വിഭാഗം ജ്യോതിഷം ഉപജീവനമായി സ്വീകരിച്ചിട്ടുള്ളവരാണ്. കമ്പ്യൂട്ടർപോലുള്ള ആധുനിക സൗകര്യങ്ങളുപയോഗിച്ച് മറ്റ് സമുദായങ്ങൾ ജ്യോതിഷത്തിലേയ്ക്ക് കടന്നു വരുന്നതിനാൽ പരമ്പരാഗതമായി ഈ തൊഴിൽ ചെയ്തുകൊണ്ടിരുന്ന ഗണക കണിശ സമുദായാംഗങ്ങൾക്ക് തൊഴിൽ നഷ്ടപ്പെടുന്നതുകൊണ്ട് അവർക്ക് ക്ഷേമനിധിയും പെൻഷനും നൽകാൻ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): ജ്യോതിഷം ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ ലേബർ വെൽഫെയർ ഫണ്ട് ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൈത്തൊഴിലാളി-വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. 26..03..2010-ന് ചേരുന്ന ഡയറക്ടർ ബോർഡ് യോഗത്തിൽ ഇക്കാര്യം തീരുമാനിക്കും. ക്ഷേമനിധി നിയമത്തിന്റെ പരിധിയിൽ വരുന്ന എല്ലാ വിഭാഗം തൊഴിലാളികൾക്കും 60 വയസ്സ് കഴിയുന്ന മുറയ്ക്ക് പെൻഷൻ നൽകുന്ന കാര്യം പരിഗണനയിലാണ്.

(9) <u>നിശ്ചിതവർഷം ജോലി ചെയ്തവരെ സ്ഥിരപ്പെടുത്തൽ</u>

<u>ശ്രീ. കെ. രാജു:</u> സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളിൽ നിശ്ചിത വർഷം പണിയെടുക്കുന്ന താൽക്കാലിക ദിവസക്കൂലി ജീവനക്കാരെ സ്ഥിരപ്പെടുത്തണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (<u>ശ്രീ. സി. ദിവാകരൻ):</u> സപ്ലൈകോയുടെ എല്ലാ നിയമനങ്ങളും പി.എസ്.സി.യുടെ നിയന്ത്രണത്തിലാണ്. താത്കാലിക ജോലിക്കാർക്ക് അപ്പോൾത്തന്നെ വേതനം കൊടുത്ത് പറഞ്ഞയക്കുകയാണ് ചെയ്യുന്നത്. ഈ ഗവൺമെന്റ് താത്കാലിക ജിവനക്കാരുടെ ദിവസക്കൂലി അല്പം വർദ്ധിപ്പിച്ചുകൊടുത്തിട്ടുണ്ട്; വീണ്ടും വർദ്ധിപ്പിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളുമനുസരിച്ച് ഇവരെ സ്ഥിരപ്പെടുത്താൻ സാധിക്കില്ല.

(10) <u>ചുനക്കര സി.എച്ച്.സി.യുടെ ശോച്യാവസ്ഥ</u>

<u>ശ്രീ. കെ. കെ. ഷാജു</u>: ചുനക്കര സി.എച്ച്.സി.യിൽ കൂടുതൽ സ്റ്റാഫിനെ നിയമിച്ച് കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ):</u> ചുനക്കര സി.എച്ച്.സി.യിൽ 40 സ്റ്റാഫുകളുണ്ട്. മൂന്ന് ഡോക്ടർ തസ്തിക കൂടാതെ എൻ.ആർ.എച്ച്.എം. വഴിയും ഒരു ഡോക്ടറുണ്ട്. എന്നാൽ അവിടെ ഒരു നഴ്സിന്റെ തസ്തിക മാത്രമാണുള്ളത്. ഇപ്പോൾ അവിടെ 10 മുതൽ 16 ബെഡ് വരെയുണ്ട്. രണ്ട് നഴ്സുമാരെ അഡീഷണലായി കൊടുത്താൽ അവിടെ കിടത്തി ചികിത്സ ആരംഭിക്കാം. ഇതുകണക്കിലെടുത്തുകൊണ്ട് എൻ.ആർ.എച്ച്.എം. വഴി രണ്ട് നഴ്സുമാരെ കൊടുക്കാം എന്നാണ് കരുതുന്നത്. അപ്ഗ്രേഡ് ചെയ്ത സി.എച്ച്.സി.യിൽ

കൂടുതൽ ഡോക്ടർമാരേയും സ്റ്റാഫിനേയും അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് അയച്ചിരിക്കുകയാണ്. പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ധനകാര്യ വകുപ്പ് അനുവദിച്ചാൽ മാത്രമേ നിലവിൽ അപ്ഗ്രേഡ് ചെയ്ത സി.എച്ച്.സി.യിൽ ഡോക്ടർമാരുടേയും നഴ്സുമാരുടേയും ക്ഷാമം പരിഹരിക്കാൻ സാധിക്കുകയുള്ളൂ.

(11) റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം

ശ്രീ. വി. ശശികുമാർ: വളരെയധികം ഗതാഗതക്കുരുക്കുള്ള കോഴിക്കോട്-പാലക്കാട് നാഷണൽ ഹൈവേയിലെ അങ്ങാടിപ്പുറത്ത് റയിൽവേ മേൽപ്പാലം നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): നാഷണൽ ഹൈവേ 213-ൽ അങ്ങാടിപ്പുറത്തിനും പെരിന്തൽമണ്ണയ്ക്കും ഇടയ്ക്കുള്ള റെയിൽവേ ക്രോസ്സിംഗിൽ ഒരു മേൽപ്പാലം നിർമ്മിക്കുന്നതിന് നാഷണൽ ഹൈവേ വിഭാഗത്തിൽ 2009-2010-ലെ വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയതനുസരിച്ച് അലൈൻമെന്റ് പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. 2008-09-ലെ വാർഷിക പദ്ധതിയിൽപ്പെടുത്തി പെരിന്തൽമണ്ണ ബൈപ്പാസിനുവേണ്ടി തയ്യാറാക്കിയ പ്രൊപ്പോസലിൽ ഈ മേൽപ്പാലവും ഉൾപ്പെട്ടിരുന്നു. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി 20..01..2010-ൽ വിളിച്ചുചേർത്ത യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്തു. അങ്ങാടിപ്പുറം മേൽപ്പാലത്തിന് പകരം പെരിന്തൽമണ്ണ ബൈപ്പാസും റെയിൽവേ മേൽപ്പാലവും നിർമ്മിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(12) കെ.എസ്.ടി.പി. റോഡിന്റെ നിർമ്മാണം

ശ്രീ. എം. ഹംസ: കെ.എസ്.ടി.പി.യുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ പാലക്കാട്-കുളപ്പുള്ളി റോഡിന്റെ പണി അടിയന്തിരമായി പൂർത്തിയാക്കാനും അപകടം പതിയിരിക്കുന്ന മങ്കര വളവ് ബൈപ്പാസ് ചെയ്യാനുമുള്ള നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): കെ.എസ്.ടി.പി. 4 (എ) പാലക്കാട്-ഷൊർണ്ണൂർ അപ്ഗ്രഡേഷൻ പണിയിൽ ഉൾപ്പെട്ട പാലക്കാട്-കുളപ്പുള്ളി റോഡ് നിർമ്മാണത്തിന്റെ കരാർ ഏറ്റെടുത്തത് റോമൻ ടാർമറ്റ് എന്ന കമ്പനിയായിരുന്നു. കരാർ പ്രകാരം 2010 ജനുവരി 3-ന് പൂർത്തീകരിക്കേണ്ട പണിയുടെ 57 ശതമാനം മാത്രമേ പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളൂ എന്നുള്ളതുകൊണ്ട് പ്രസ്തുത കമ്പനിയുടെ കരാർ റദ്ദാക്കി. എന്നാൽ ഹൈക്കോടതി ആ ടെർമിനേഷൻ സ്റ്റേ ചെയ്തു. സ്റ്റേ ഓർഡർ വെക്കേറ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കുകയും താൽക്കാലികമായി പാലക്കാട് ടൗണിലുള്ള നിർമ്മാണ പ്രവർത്തനം നടത്തുവാൻ ഹൈക്കോടതി അനുവദിക്കുകയും ചെയ്തു. പാലക്കാട്-ഷൊർണ്ണൂർ റോഡിന്റെ ശേഷിക്കുന്ന പണികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു. മങ്കര വളവ് നിവർത്തുന്നതിനുള്ള പണികളും പൂർത്തിയാക്കുന്നതാണ്.

(13) വയനാട് ജില്ലയിലെ കുടിവെള്ള പദ്ധതികൾ

ശ്രീ. പി. കൃഷ്ണപ്രസാദ്: വയനാട് ജില്ലയിലെ പുൽപ്പള്ളി മേഖലയിൽ കുടിവെള്ള പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് കേടായ മോട്ടോറുകൾ മാറ്റി സ്ഥാപിക്കാൻ ആവശ്യമായ ഫണ്ട് ലഭ്യമാക്കണം. അമ്പലവയൽ-കോട്ടൂർ പദ്ധതിയിൽ വേണ്ടത്ര ജലം ലഭ്യമാകാത്തതിനാൽ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ജില്ലയിലെ കുടിവെള്ള വിതരണം

കാര്യക്ഷമമാക്കാനും മോട്ടോറുകൾ, പമ്പുസെറ്റുകൾ എന്നിവ കേടുപാടുകൾ തീർക്കുകയോ പുതിയതു സ്ഥാപിക്കുകയോ ചെയ്യാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): വയനാട് ജില്ലയിൽ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ കേടായ മോട്ടോറുകൾ റിപ്പെയർ ചെയ്യുകയും കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിൽ താൽക്കാലിക തടയണ നിർമ്മിച്ച് ജലലഭ്യത ഉറപ്പു വരുത്തുകയും ഇൻഫിൽറ്ററേഷൻ ഗ്യാലറികളും കിണറുകളും വൃത്തിയാക്കുകയും ചെയ്യുന്നുണ്ട്. അമ്പലവയൽ ശുദ്ധജല വിതരണ പദ്ധതിക്ക് പുതിയ പമ്പ്സെറ്റ് സ്ഥാപിച്ചു. ഈ പ്രവൃത്തിക്കുവേണ്ടി സുൽത്താൻബത്തേരി ഡിവിഷൻ 35 ലക്ഷം രൂപ വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. പുൽപ്പള്ളി മേഖലയിൽ പുൽപ്പള്ളി മുള്ളംകൊല്ലി ശുദ്ധജല വിതരണ പദ്ധതിയുടെ കേടായ മീറ്റർ നന്നാക്കി. അമ്പല വയലിൽ വോൾട്ടേജ് ക്ഷാമംമൂലം ശുദ്ധജലവിതരണം തടസ്സപ്പെടുന്ന പ്രശ്നം പരിഹരിക്കാൻ കെ.എസ്.ഇ.ബി.യോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അമ്പലവയൽ-കോട്ടൂർ പമ്പ് ഹൗസിൽ വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പമ്പ്സെറ്റ് സ്ഥാപിക്കുന്നതാണ്.

(14) വർക്കല ശുദ്ധജലവിതരണ പദ്ധതികൾ

ശ്രീ. വർക്കല കഹാർ: വർക്കലയിലെ കുടിവെള്ള വിതരണ പദ്ധതികളിൽ തൊടുകെ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയും ഇടവ പഞ്ചായത്തിലെ കോട്ടൈപ്പാണി പദ്ധതിയും ഉപയോഗശൂന്യമാണ്. മണമ്പൂർ-ഒറ്റൂർ പദ്ധതി, ഇടവ-ഇലമൺ പഞ്ചായത്തുകൾക്കുള്ള കുടിവെള്ള

പദ്ധതി എന്നിവയും പൂർത്തിയായിട്ടില്ല. ഈ പദ്ധതികൾ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): വർക്കല മുനിസിപ്പാലിറ്റിക്കും സമീപ വില്ലേജുകൾക്കുംവേണ്ടിയുള്ള പ്രധാന ശുദ്ധ ജലവിതരണ പദ്ധതിയുടെ ഒന്നാംഭാഗം 2004-ൽ കമ്മിഷൻ ചെയ്തു. മണമ്പൂർ-ഒറ്റൂർ-ചെമ്മരുതി വില്ലേജുകൾക്കുവേണ്ടിയുള്ള രണ്ടാം ഭാഗത്തിന്റെ ഒന്നാംഘട്ടത്തിന്റെ പണി പൂർത്തിയാക്കി 2007-ൽ കമ്മിഷൻ ചെയ്തു. ഘട്ടം 1-ൽപ്പെടുന്ന ചെമ്മരുതി വില്ലേജിലെ ശുദ്ധജല വിതരണത്തിനുള്ള എല്ലാ ഘട കങ്ങളും പൂർത്തീകരിച്ച് ശുദ്ധജലവിതരണം നൽകുന്നുണ്ട്. ഒറ്റൂർ വില്ലേജിനു വേണ്ടി ഒന്നരലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണഘട്ടത്തിലാണ്. മണമ്പൂർ-നാവായിക്കുളം -പുടവൂർ വില്ലേജുകൾക്കുവേണ്ടി നിർമ്മിക്കാനുദ്ദേശിക്കുന്ന 3.35 ലക്ഷം ലിറ്ററും 5 ലക്ഷം ലിറ്ററും സംഭരണശേഷിയുള്ള ഭൂതല സംഭരണികളുടെ പണികൾ ടെന്റർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മണമ്പൂർ വില്ലേജിലേയും ഒറ്റൂർ വില്ലേജിലേയും ജലവിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികളാണ് ഘട്ടം ഒന്നിൽ ചെയ്തുതീർക്കാനുള്ളത്. ഘട്ടം 3-ൽ ഉൾപ്പെടുന്ന ഇടവ വിതരണ ശൃംഖലയുടേയും ഘട്ടം 3-ലെ രഘുനാഥപുരം ടാങ്കിൽനിന്ന് ഇലകമൺ-ഇടവ സംഭരണികളിലേയ്ക്ക് ശുദ്ധജലം എത്തിക്കു ന്നതിനുള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിന്റേയും പ്രവൃത്തികൾ ഏകോപി പ്പിച്ച് 8.3 കോടി രൂപയുടെ ഒരു പ്രോജക്ട് തയ്യാറാക്കി അടുത്ത സംസ്ഥാന തല അംഗീകാര സമിതിക്ക് (എസ്.എൽ.എസ്.സി) സമർപ്പിക്കാനുള്ള നടപടി കൾ സ്വീകരിച്ചുകഴിഞ്ഞു. മണ്ഡലത്തിലെ ശുദ്ധജലവിതരണ രംഗത്തെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് അടിയന്തിരയോഗം വിളിച്ചുചേർക്കും

## (15) ചേർത്തലയിലെ കുടിവെള്ള പദ്ധതികൾ

ശ്രീ. എ. എം. ആരിഫ്: ചേർത്തല മുനിസിപ്പാലിറ്റിക്കും 18 അനുബന്ധ വില്ലേജുകൾക്കും കുടിവെള്ളം ലഭിക്കത്തക്കവിധം വിഭാവന ചെയ്തിട്ടുള്ള ജപ്പാൻകുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനാവശ്യമായ 13 റെയിൽവേ ക്രോസ്സിംഗുകളുടെ പണി ഇതുവരെ തുടങ്ങാൻ കഴിഞ്ഞിട്ടില്ല. റെയിൽവേ ആവശ്യപ്പെട്ട പ്രകാരം പല ഘട്ടങ്ങളിലായി **2,22,45,853** രൂപ നിക്ഷേപിച്ചിട്ടുണ്ട്. പക്ഷേ പല കാരണങ്ങളാൽ റെയിൽവേ അനുമതി നിഷേധിക്കുകയാണ്. പ്രസ്തുത റെയിൽവേ ക്രോസ്സിംഗുകളുടെ അനുമതി നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): 'JICA'-യുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ചേർത്തല കുടിവെള്ള പദ്ധതി. ആ പദ്ധതിയുടെ നടത്തിപ്പിന്റെ പ്രധാനപ്പെട്ട സാങ്കേതിക തടസ്സം 13 റെയിൽവേ ക്രോസ്സിംഗിനുള്ള അനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ടാണ്. ഇതിൽ 4 എണ്ണത്തിന്റെ അപേക്ഷ 3-9-2004-ലും 9 എണ്ണത്തിന്റെ അപേക്ഷ 5-4-2006-ലും റെയിൽവേയ്ക്ക് സമർപ്പിച്ചു. എന്നാൽ റെയിൽവേ ഉന്നയിച്ച അപ്രായോഗികമായ നിരവധി നിർദ്ദേശങ്ങളാലും റെയിൽവേ സുരക്ഷ സംബന്ധിച്ച നടപടിക്രമങ്ങളാലും ക്രോസ്സിംഗിനുള്ള അപേക്ഷകൾ നിരവധി തവണ പുനർസമർപ്പിക്കേണ്ടതായി വന്നു. നിരന്തരമായ പരിശ്രമഫലമായി ഇപ്പോൾ അനുമതി ലഭിച്ചുതുടങ്ങിയിട്ടുണ്ട്. പണികൾ ആരംഭിക്കാൻ പ്രത്യേക പെർമിറ്റും ലഭിക്കേണ്ടതുണ്ട്. മൂവാറ്റുപുഴ ആറിൽനിന്നും ചേർത്തലയിലുള്ള ജലശുദ്ധീകരണശാലയിലേയ്ക്ക് ജലം എത്തിക്കാൻവേണ്ടിയുള്ള പ്രധാന പൈപ്പ് ലൈനിന്റെ പണി

പൂർത്തീകരിക്കാൻ പിറവത്തിന് സമീപം പ്രധാന ക്രോസ്സിംഗിനുള്ള അനുമതി ഇനിയും ലഭിക്കേണ്ടതായിട്ടുണ്ട്. അനുമതി ലഭിക്കുന്നതിനുവേണ്ടി റെയിൽവേക്ക് **2,48,99,243** രൂപ നൽകിക്കഴിഞ്ഞു. ഓരോ റെയിൽവേ ക്രോസ്സിംഗും പൂർത്തീകരിക്കാൻ 20 ദിവസം മുതൽ 30 ദിവസം വരെ ആവശ്യമായതിനാൽ ഒരേസമയം ഒന്നിലധികം ക്രോസ്സിംഗുകളുടെ പണി നടത്താൻ റെയിൽവേ അനുവദിച്ചില്ലെങ്കിൽ പദ്ധതി പൂർത്തീകരണം വൈകാൻ സാദ്ധ്യതയുണ്ട്. മഴക്കാലത്ത് ചേർത്തല പ്രദേശത്ത് ക്രോസ്സിംഗ് വർക്കുകൾ ചെയ്യാനും ബുദ്ധിമുട്ടുണ്ട്. ഈ പരിമിതികൾ മുന്നിൽക്കണ്ട് ഒരേസമയം മൂന്ന് ക്രോസ്സിംഗ് വർക്കുകളെങ്കിലും ചെയ്യാൻ പറ്റുന്ന രീതിയിൽ അനുമതി ലഭിക്കാൻവേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തിവരികയാണ്.

### (16) ചാൻസലറും ഹൈക്കോടതിയും നൽകിയ നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. കെ. അബ്ദുറബ്ബ്: 1998 ഒക്ടോബർ 11 മുതൽ നിയമവിരുദ്ധമായി കോഴിക്കോട് സർവ്വകലാശാലയിൽ സംസ്കൃത പ്രൊഫസ്സറായും കഴിഞ്ഞ 4 വർഷമായി ആക്ടിംഗ് രജിസ്ട്രാറായും തുടരുന്ന ഡോ.റ്റി.കെ. നാരായണനെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് നിർദ്ദേശം നൽകണം. സംസ്കൃത പ്രൊഫസ്സർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് 17-10-1987-ലാണ് അപേക്ഷ ക്ഷണിച്ചത്. ഡോ.ബി. കരുണാകരനും ഡോ.റ്റി.കെ. നാരായണനുമാണ് അപേക്ഷ നൽകിയത്. അതിൽ സെലക്ഷൻ കമ്മിറ്റി ഏകകണ്ഠമായി സെലക്ട് ചെയ്തത് ഡോ.ബി. കരുണാകരനെയാണ്. പക്ഷേ ഡോ.റ്റി.കെ. നാരായണൻ കൂടി അംഗമായ അന്നത്തെ സിൻഡിക്കേറ്റ് വൈസ് ചാൻസലറുടെ നിർദ്ദേശം മറികടന്നുകൊണ്ട് ഭൂരിപക്ഷവോട്ടോടുകൂടി ഡോ.റ്റി.കെ. നാരായണനെ രജിസ്ട്രാറായി നിയമിക്കുകയുണ്ടായി.

ഡോ.ബി. കരുണാകരൻ സിൻഡിക്കേറ്റിന്റെ നിയമവിരുദ്ധമായ തീരുമാനം റദ്ദാക്കാൻ ചാൻസലർക്ക് ഹർജി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തീരുമാനം റദ്ദാക്കുകയും നിയമാനുസൃതമായ നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ സിൻഡിക്കേറ്റ് ഈ കാര്യത്തിൽ ഒരു തീരുമാനമെടുത്തില്ലെന്നുമാത്രമല്ല ഡോ.റ്റി.കെ. നാരായണൻ സിൻഡിക്കേറ്റിന്റെ തീരുമാനം റദ്ദാക്കിയ ബഹുമാനപ്പെട്ട ചാൻസലർക്കെതിരെ ഹൈക്കോടതിയിൽ ഒ.പി. നൽകി. 8 വർഷം കഴിഞ്ഞ് യൂണിവേഴ്സിറ്റി വീണ്ടും സംസ്കൃത പ്രൊഫസ്സർ തസ്തികയിലേയ്ക്ക് ക്ഷണിച്ച അപേക്ഷയിൽ പറഞ്ഞിരിക്കുന്നത് ഡോ.റ്റി.കെ. നാരായണൻ കൊടുത്ത ഒ.പി. യുടെ വിധിക്ക് വിധേയമായിരിക്കും ഈ സംസ്കൃത പ്രൊഫസ്സർ നിയമനം എന്നാണ്. ഡോ.റ്റി.കെ. നാരായണനെ സംസ്കൃത പ്രൊഫസ്സർ ആയി സെലക്ട് ചെയ്യുകയും 1998 ഒക്ടോബർ 11-ന് അദ്ദേഹം ചാർജ് എടുക്കുകയും ചെയ്തു. ഡോ.റ്റി.കെ. നാരായണൻ ബഹുമാനപ്പെട്ട ചാൻസലർക്കെതിരെ നൽകിയ അപ്പീൽ 4-1-99-ന് ഹൈക്കോടതി തള്ളുകയുണ്ടായി. ഇതിനിടയിൽ സർവ്വകലാശാല രണ്ടാമത് പുറപ്പെടുവിച്ച നോട്ടിഫിക്കേഷനും ഡോ.റ്റി.കെ. നാരായണന്റെ നിയമനവും സിൻഡിക്കേറ്റ് തീരുമാനവും റദ്ദാക്കുന്നതിനും തന്റെ നിയമനം അംഗീകരിക്കുന്നതിനും വേണ്ടി ഡോ.ബി. കരുണാകരൻ ഹൈക്കോടതിയിൽ ഒ.പി. നൽകുകയും ഹർജിക്കാരന്റെ എല്ലാ ആവശ്യങ്ങളും അംഗീകരിക്കുംവിധം നടപടി സ്വീകരിക്കാൻ ചാൻസലർക്ക് ഹൈക്കോടതി നിർദ്ദേശം നൽകുകയും ചെയ്തു. ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം 19-8-1989 മുതൽ ഡോ.ബി. കരുണാകരന് നിയമനം നൽകിയതായി കണക്കാക്കി പെൻഷനടക്കമുള്ള എല്ലാ ആനുകൂല്യങ്ങളും നൽകാൻ ചാൻസലർ യൂണിവേഴ്സിറ്റിക്ക് നിർദ്ദേശം നൽകി.

എന്നാൽ ഹൈക്കോടതിയുടെ വിധിയും അതനുസരിച്ചുള്ള ചാൻസലറുടെ നിർദ്ദേശവും സ്വീകരിക്കുന്നതിനുപകരം, യൂണിവേഴ്സിറ്റി ഹൈക്കോടതി ഡിവിഷൻ ബഞ്ചിന് റിട്ട് അപ്പീൽ നൽകിയിരിക്കുകയാണ്. ആ റിട്ട് അപ്പീ ലിൽ യൂണിവേഴ്സിറ്റിക്കുവേണ്ടിയും അതോടൊപ്പം എതിർകക്ഷിക്കു വേണ്ടിയും ഡോ.റ്റി.കെ. നാരായണൻ തന്നെ ഹാജരാകുന്ന അവസ്ഥയുണ്ട്. ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാൻ യൂണിവേഴ്സിറ്റിക്ക് കർശന നിർദ്ദേശം നൽകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): കോഴിക്കോട് സർവ്വകലാശാലയിലെ സംസ്കൃത വിഭാഗം പ്രൊഫസർ തസ്തികയിലേയ്ക്ക് 1989-ൽ നടന്ന നിയമനവുമായി ബന്ധപ്പെട്ട് പ്രസ്തുത തസ്തികയിലേയ്ക്കുള്ള അപേക്ഷകനായിരുന്ന കൊല്ലം ശ്രീനാരായണ കോളേജിലെ സംസ്കൃത വിഭാഗം റീഡർ ഡോ. ബി. കരുണാ കരൻ ഹൈക്കോടതിയെ സമീപിക്കുകയും അദ്ദേഹം ഹർജ്ജിയിൽ ഉന്നയിച്ച ആവശ്യങ്ങൾ പരിഗണിക്കണമെന്ന് കോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാന ത്തിൽ അദ്ദേഹത്തിന് 19-08-1989 മുതൽ നോഷണൽ നിയമനം നൽകാൻ 19-02-2010 -ലെ ചാൻസലറുടെ ഉത്തരവ് പ്രകാരം കോഴിക്കോട് സർവ്വകലാ ശാലയോട് നിർദ്ദേശിച്ചിരുന്നു. 6-3-2010-ന് ചേർന്ന സിൻഡിക്കേറ്റ് യോഗം ഈ കാര്യം പരിശോധിക്കുകയും ഹൈക്കോടതിവിധിയുടെ കാര്യത്തിൽ നിയമോപദേശം അനുസരിച്ച് നീങ്ങുന്നതിന് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കോടതിയുടെ അന്തിമവിധിയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(17) റെയിൽവേ അടിപ്പാത നിർമ്മാണം

ശ്രീ. മോൻസ് ജോസഫ് : കോട്ടയം-എറണാകുളം റെയിൽവേ പാത ഇരട്ടിപ്പിക്കുന്നതിന്റെ ഭാഗമായി കോതനെല്ലൂർ-പള്ളിത്താഴം ഭാഗത്തെ അടിപ്പാത നിർമ്മാണം ജനങ്ങളുടെ പ്രതിഷേധത്തെത്തുടർന്ന് താത്കാലികമായി നിർത്തിവയ്ക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് നിർദ്ദേശം നൽകുകയുണ്ടായി. അടിപ്പാത നിർമ്മാണം നിർത്തിവയ്ക്കുന്നതിന് റെയിൽവേയുടെ ചെന്നൈ ഡിവിഷണൽ മാനേജർ തലത്തിൽ തീരുമാനമുണ്ടാകേണ്ടതായിട്ടുണ്ട്. അടിപ്പാതയുടെയും തുരങ്കത്തിന്റെയും നിർമ്മാണം ഉപേക്ഷിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ശുപാർശചെയ്യണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : എറണാകുളം-കോട്ടയം സെക്ഷനിൽ ലെവൽ ക്രോസ് നമ്പർ 24-ന് പകരമായി നിയന്ത്രിത സബ്‌വേ നിർമ്മിക്കുന്ന പ്രവൃത്തി 2007-08-ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെട്ടിരുന്നതാണ്. അവിടെയുണ്ടായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ് പ്രവൃത്തി താൽക്കാലികമായി നിർത്തിവച്ചത്. റെയിൽവേയുടെ നയങ്ങളുമായും ബഡ്ജറ്റുമായും ബന്ധപ്പെട്ട വിഷയമായതുകൊണ്ട് റെയിൽവേ മന്ത്രാലയത്തിന്റെ അനുവാദത്തോടുകൂടി മാത്രമേ ഇത് പരിഹരിക്കാൻ കഴിയുകയുള്ളൂ. അതിനുവേണ്ടി റെയിൽവേ മന്ത്രാലയവുമായി ഒരു ഉന്നതതല യോഗം കൂടി ചർച്ച ചെയ്ത് തീരുമാനമെടുക്കാൻ സർക്കാർ മുൻകയ്യെടുക്കുന്നതായിരിക്കും .

(18) മൈക്ക് പെർമിഷൻ ലഭിക്കുന്നതിനുള്ള തടസ്സം

ശ്രീ. സി.കെ.പി. പത്മനാഭൻ : മൈക്ക് ഉപയോഗിക്കുന്നതിന് അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വളരെ സങ്കീർണ്ണമാണ്. എസ്.ഐ.

മുതൽ ഡി.ജി.പി. വരെയുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് അപേക്ഷ നൽകുന്നതുൾപ്പെടെ നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് നിശ്ചിത ദിവസത്തിനുള്ളിൽ അനുമതി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : നോയ്സ് പൊല്യൂഷൻ റൂൾസിന്റേയും 2000-ലെ പോലീസ് ആക്ടിന്റെയും വ്യവസ്ഥകളനുസരിച്ചാണ് മൈക്ക് ഉപയോഗിക്കുന്നതിന് പെർമിഷൻ നൽകുന്നത്. ആ നിയമത്തിലെ വ്യവസ്ഥകളിൽ ഉൾപ്പെടെ ചില മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഇതു സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് രൂപത്തിൽ ലഘൂകരിക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നതാണ്.

### (19) മലയോര കർഷകർക്ക് പട്ടയം

ശ്രീ. എം ചന്ദ്രൻ: ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഴക്കഞ്ചേരി-2 വില്ലേജിൽപ്പെട്ട മലയോര പ്രദേശങ്ങളിലെ നൂറു കണക്കിന് കൃഷിക്കാർക്ക് പട്ടയം നൽകണം. ഇവരെല്ലാം യു.ടി.ടി കമ്പനിക്ക് പട്ടയം ലഭിച്ച ഭൂമിയിൽനിന്ന് പാട്ടത്തിനെടുത്ത് കൃഷി ചെയ്ത് വന്നവരാണ്. ഭൂപരിഷ്ക്കരണ ഭേദഗതി നിയമപ്രകാരം പാട്ട വ്യവസ്ഥ ഇല്ലാതായപ്പോൾ അവർക്ക് പട്ടയത്തിന് അർഹതയുണ്ടായിരുന്നു. അതുകൊണ്ട് ഒരു പ്രത്യേക ടീമിനെ ആ മലയോര ഗ്രാമത്തിലേയ്ക്കയച്ച് സർവേ നടത്തി അർഹതപ്പെട്ടവർക്ക് പട്ടയം ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകി എത്രയും വേഗം തീർപ്പാക്കുവാൻ നേരത്തെ നിർദ്ദേശം നൽകിയിരുന്നതാണ്. അതിനുപുറമേ പാലക്കാട്വച്ച് റവന്യൂ

വകുപ്പിലെയും സർവ്വേ വകുപ്പിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഈ വിഷയം ചർച്ച ചെയ്യുകയും മിച്ചഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്താൻ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. അതിന്റെയടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ തലത്തിലുള്ള യോഗങ്ങൾ ചേരുകയും പ്രത്യേക ടീമിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. താലൂക്ക് ലാന്റ് ബോർഡിൽ വിചാരണ നടന്നുവരുന്ന കേസ്സുകളിൽ ഏപ്രിൽ മാസത്തോടെ തീർപ്പുകൽപ്പിക്കാൻ കഴിയുന്നതാണ്. സ്റ്റേറ്റ് ലെവലിൽ ഏറ്റവും പ്രാധാന്യം കൊടുത്ത് പരിഹരിക്കേണ്ട മിച്ചഭൂമി കേസ്സുകളിൽ ഒന്നാക്കി ഈ കേസ് എടുത്തിട്ടുണ്ട്. നേരിട്ട് ലാന്റ് ബോർഡിൽനിന്നും ലാന്റ് കമ്മീഷണർ ഓഫീസിൽനിന്നുംതന്നെയാണ് അതിന്റെ കാര്യങ്ങൾ മോണിറ്റർ ചെയ്യുന്നത്. അവകാശപ്പെട്ട എല്ലാ കൈവശക്കാർക്കും പട്ടയം കൊടുക്കുന്ന തോടൊപ്പംതന്നെ കൂടുതൽ ലഭ്യമാകുന്ന ഭൂമി ആലത്തൂർ താലൂക്കിലെ ഭൂരഹിതരായവർക്ക് വിതരണം ചെയ്യുന്നതിനും നടപടി എടുക്കുന്നതാണ്.

(20) <u>സഹോദരൻ അയ്യപ്പൻ റോഡിന്റെ നിർമ്മാണം</u>

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:</u> കെ.എസ്.യു.ഡി.പി.-ൽപ്പെട്ട കൊച്ചിയിലെ സഹോദരൻ അയ്യപ്പൻ റോഡിന്റെ വികസന പ്രവൃത്തികൾ 1995-ലാണ് പി.ഡബ്ല്യു.ഡി. കൊച്ചി നഗരസഭയ്ക്ക് കൈമാറിയത്. 2008-ൽ ടെൻഡർ നടപടികൾ ആരംഭിച്ച ഈ റോഡിന്റെ പണി മഴക്കാലത്തിന് മുമ്പ് പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (<u>ശ്രീ. പാലോളി മുഹമ്മദ് കുട്ടി):</u> 12 മാസത്തെ കാലാവധിയോടുകൂടി 2009 ഏപ്രിൽ 24-ന് ആരംഭിച്ച സഹോദരൻ അയ്യപ്പൻ റോഡിന്റെ നവീക

രണത്തിനുള്ള അടങ്കൽ തുക 10.799 കോടി രൂപയാണ്. റോഡിന്റെ വീതി കൂട്ടുക, മലിനജല നിർഗ്ഗമന സംവിധാനം ഏർപ്പെടുത്തുക, നടപ്പാതയിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക തുടങ്ങി സമഗ്ര നവീകരണത്തിനാണ് ലക്ഷ്യം ഇട്ടിട്ടുള്ളത്. ഇതിൽ മലിനജല നിർഗ്ഗമന സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തിയുടെ 90 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത റോഡിന്റെ ഇരുവശത്തുമുള്ള കാര്യേജ് വേയുടെ ടാറിംഗ് മാർച്ച് 29-ന് ആരംഭിക്കാനും മഴയ്ക്ക് മുമ്പ് പണി പൂർത്തീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ജലവിതരണത്തിനുള്ള പുതിയ പൈപ്പ് ലൈനുകളും കേബിളുകളും ഇടുന്നതിന് ആവശ്യമായ ചാനലുകൾ റോഡിന്റെ ഇരുവശത്തും സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(21) <u>പഞ്ചായത്ത് ഓഫീസ് മുറ്റത്ത് ജഡം സംസ്ക്കരിച്ച സംഭവം</u>

<u>ശ്രീ. വി. ഡി. സതീശൻ:</u> പറവൂർ താലൂക്കിൽ കുന്നുകര കോളനിയിൽപ്പെട്ട തോന്നയ്ക്കൽ വീട്ടിൽ കൊച്ചോമൽ എന്ന ദളിത് വൃദ്ധന്റെ ജഡം പഞ്ചായത്ത് ഓഫീസിന്റെ മുറ്റത്ത് സംസ്ക്കരിക്കേണ്ടിവന്ന ദൗർഭാഗ്യകരമായ സാഹചര്യമുണ്ടായി. ശ്മശാനങ്ങളുടെ അഭാവവും ശ്മശാനങ്ങൾക്ക് ലൈസൻസ് കിട്ടേണ്ട പ്രശ്നങ്ങളും കോടതിയുമായി ബന്ധപ്പെട്ട വിഷയങ്ങളും അവിടെ നിലനിൽക്കുന്നുണ്ട്. ദൗർഭാഗ്യകരമായ ഈ സംഭവത്തെക്കുറിച്ച് ഒരു അന്വേഷണം നടത്തി വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ):</u> പറവൂർ താലുക്കിലെ കുന്നുകര പഞ്ചായത്തിലെ കുറിപ്പിന്റെകുളം എന്ന സ്ഥലത്തെ ശ്മശാനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന തർക്കമാണ്

ദൗർഭാഗ്യകരമായ ഈ സംഭവത്തിന് കാരണമായിട്ടുള്ളത്. 18 വർഷം മുമ്പാണ് കുറുപ്പിന്റെകുളം ശ്മശാനം എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിച്ചത്. ഇതേ കാലയളവിൽ ശ്മശാനത്തിന്റെ നിരോധിത പരിധിയിൽ രണ്ട് വീടുകൾ നിർമ്മിക്കപ്പെടുകയും ശ്മശാനം പ്രവർത്തിക്കുന്നതിനെതിരെ സിവിൽ വ്യവഹാരങ്ങൾ നടന്നുവരികയുമാണ്. അതുകൊണ്ട് ശ്മശാനത്തിന് ജില്ലാ കളക്ടറിൽ നിന്ന് ലൈസൻസ് ലഭിച്ചിട്ടില്ല. നിരോധിത മേഖലയിലുള്ള രണ്ട് വീടുകൾ കൂടി അക്വയർ ചെയ്താൽ മാത്രമേ അവിടെ മൃതദേഹങ്ങൾ സംസ്ക്കരിക്കുന്നതിന് കഴിയു കയുള്ളു. മാർച്ച് 23-നാണ് കുന്നുകര വില്ലേജിലെ പട്ടികജാതി വിഭാഗ ത്തിൽപ്പെട്ട ഗൃഹനാഥൻ മരണമടഞ്ഞത്. ഇദ്ദേഹത്തിന്റെ മൃതദേഹം കുറുപ്പിന്റെകുളം ശ്മശാനത്തിൽ സംസ്ക്കരിക്കുമെന്ന് അറിയിപ്പ് ലഭിച്ചതിനെ ത്തുടർന്ന് ഹൈക്കോടതിയുടെ നിരോധന ഉത്തരവ് നിലനിൽക്കുന്നതിനാൽ ശ്മശാനത്തിന് പോലീസ് കാവൽ ഏർപ്പെടുത്തി. 24-ാം തീയതി രാവിലെ മൃതദേഹം സംസ്ക്കരിക്കുന്നത് സംബന്ധിച്ച തർക്കം പരിഹരിക്കുന്നതിന് കളക്ടറുടെ നിർദ്ദേശപ്രകാരം നടന്ന ചർച്ചയിൽ ഹൈക്കോടതിയുടെ നിർദ്ദേശമുള്ള സ്ഥലത്ത് ശവദാഹം നടത്തരുതെന്നും തൊട്ടടുത്ത പഞ്ചായത്തിലുള്ള പൊതു ശ്മശാനത്തിൽ ശവദാഹം നടത്താൻ സർക്കാർ ചെലവ് വഹിക്കാം എന്നും സമുദായ ആചാരപ്രകാരം മറവ് ചെയ്യുന്നതിനു വേണ്ടി എല്ലാ നടപടികളും സ്വീകരിക്കാമെന്ന് തഹസീൽദാർ അറിയിച്ചുവെങ്കിലും സമുദായ നേതാക്കന്മാർ നിർദ്ദേശം സ്വീകരിച്ചില്ലെന്നു മാത്രമല്ല അവർ മുന്നറിയിപ്പില്ലാതെ പഞ്ചായത്ത് ഓഫീസിൽ എത്തി മൃതദേഹം സംസ്ക്കരിക്കുകയും ചെയ്തു. ഈ രൂപത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(22) വീരശൈവ വിഭാഗത്തിൽപ്പെട്ടവർക്ക് ക്ഷേമനിധി

ശ്രീമതി പി. അയിഷാ പോറ്റി: വീരശൈവ വിഭാഗത്തിൽപ്പെട്ട പരമ്പരാഗത പർപ്പടകനിർമ്മാണത്തൊഴിലിൽ ഏർപ്പെട്ട് ഉപജീവനം നടത്തുന്നവരെ ക്ഷേമനിധിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണം. കൂടാതെ പർപ്പട നിർമ്മാണത്തിന് ആവശ്യമായിട്ടുള്ള ഉഴുന്നും മറ്റു സാമഗ്രികളും സബ്സിഡി നിരക്കിൽ കൊടുക്കുവാനും ഇവർക്ക് അർഹമായ പരിഗണന നൽകാനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): വീരശൈവ വിഭാഗത്തിൽപ്പെട്ടവരാണ് പരമ്പരാഗതമായി പർപ്പടക നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നത്. പർപ്പടക നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കും കൈത്തൊഴിലാളി വിദഗ്ദ്ധതൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗമാകാവുന്നതാണ്. ഈ ക്ഷേമപദ്ധതിയിൽ അംഗത്വമെടുത്തവർക്ക് ഇപ്പോൾ തന്നെ പെൻഷൻ അനുവദിച്ചിട്ടുണ്ട്.

(23) ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവികസനം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള കേന്ദ്ര സർക്കാർ പദ്ധതിയായ ഐ.ഡി.എം.ഐ.-യുടെ ഭാഗമായി ഗ്രാന്റ് ഇൻ എയ്ഡ് കമ്മിറ്റികളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കണം. ഈ രംഗത്ത് വർഷങ്ങളോളം അനുഭവസമ്പത്തുള്ളവരായ ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഗ്രാന്റ് ഇൻ എയ്ഡ് കമ്മിറ്റി വിപുലീകരിക്കണം. ന്യൂനപക്ഷ വിഭാഗങ്ങളുടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഈ സഹായം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ

തുക വകയിരുത്തുന്നതാണെന്ന് അറിയിച്ച സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെടണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): ന്യൂനപക്ഷ സമുദായ സംഘടനകൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിപ്രകാരം അംഗീകരിക്കപ്പെടുന്ന സ്ഥാപനങ്ങളുടെ അംഗീകരിക്കപ്പെടുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ 75 ശതമാനം തുകയോ അതല്ലെങ്കിൽ അൻപത് ലക്ഷം രൂപ വരെയോ ഒരു സ്ഥാപനത്തിന് ഗ്രാന്റായി ലഭിക്കാം. മൂന്ന് വർഷത്തിലധികമായി പ്രവർത്തിക്കുന്ന സ്കൂളു കൾക്കാണ് ഗ്രാന്റിന് അപേക്ഷിക്കുവാൻ അർഹതയുള്ളത്. ഈ സ്കീമിൽ അപേക്ഷ ക്ഷണിച്ചപ്പോൾ 600-ലധികം അപേക്ഷകൾ ലഭിച്ചതിൽ പോരായ്മ കൾ തിരുത്തിയശേഷം 517 എണ്ണം പൂർണ്ണമായ അപേക്ഷകളായി കണ്ടെത്തി. പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ കാലഘട്ടത്തിൽ ഇന്ത്യയിലാകമാനം ഈ പദ്ധതിക്കായി 125 കോടി രൂപ മാത്രമാണ് കേന്ദ്ര സർക്കാർ നീക്കിവച്ചിട്ടു ള്ളത്. കേരളത്തിൽ നിന്നുള്ള അപേക്ഷകൾ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച സമിതി ഇക്കാര്യങ്ങ ളെല്ലാം പരിശോധിക്കുകയും ഗ്രാന്റ് ഇൻ എയ്ഡിന് പരിഗണിക്കേണ്ട 517 അപേക്ഷകളിൽ ഗ്രാമപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന സെക്കണ്ടറി സ്കൂളുകളുടെ 230 അപേക്ഷകൾ കേന്ദ്ര സർക്കാരിന് ഇതിനകം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 287 സ്കൂളുകളുടെ ലിസ്റ്റ് തുടർ വർഷങ്ങളിലേയ്ക്ക് പരിഗണിക്കുന്നതിനായി റിസർവ് ലിസ്റ്റായി സൂക്ഷിക്കാനാണ് കമ്മിറ്റി ശുപാർശ ചെയ്തത്. പൊതു വിദ്യാഭ്യാസ സെക്രട്ടറി ചെയർമാനും ഡി.പി.ഐ. കൺവീനറും പൊതു വിദ്യാഭ്യാസ

വകുപ്പിലെ ഒരു അഡീഷണൽ സെക്രട്ടറി, എം.എച്ച്.ആർ.ഡി-യിലെ ഒരു അണ്ടർ സെക്രട്ടറി, ദേശീയ ഓപ്പൺ സ്കൂളിലെ കൊച്ചി കേന്ദ്രത്തിന്റെ ഡയറക്ടർ, ന്യൂനപക്ഷ വിഭാഗങ്ങളായ മുസ്ലീം-ക്രിസ്ത്യൻ വിഭാഗത്തിലെ രണ്ടുപേർ വീതം അടങ്ങുന്നതാണ് ഗ്രാന്റ് ഇൻ എയ്ഡ് കമ്മിറ്റി.

(24) <u>മലപ്പുറം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വികസനം</u>

<u>ശ്രീ. എം. ഉമ്മർ:</u> അടിസ്ഥാന സൗകര്യങ്ങൾപോലുമില്ലാത്ത മലപ്പുറം കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ ജില്ലാ ഡിപ്പോയാക്കി ഉയർത്തുവാനും ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കാനും നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി <u>(ശ്രീ. ജോസ് തെറ്റയിൽ):</u> മലപ്പുറം ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 55 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള അനുവാദം നൽകിയിട്ടുള്ളതിൽ ശരാശരി 52 ഷെഡ്യൂളുകൾ ദിനംപ്രതി ഓടിക്കുന്നുണ്ട്. മലപ്പുറം യൂണിറ്റ് ഇപ്പോൾ ഡിപ്പോ പദവിയിലാണ് പ്രവർത്തിക്കുന്നത്. കെ.എസ്.ആർ.ടി.സി. യുടെ ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് മലപ്പുറം ബസ് സ്റ്റേഷനിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. അതിനുവേണ്ടി ആർക്കിടെക്ട് കൺസൾട്ടന്റ് തയ്യാറാക്കിയ രൂപരേഖയുടെ അടിസ്ഥാനത്തിൽ 19.73 കോടി രൂപ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും 337-ാം ഭരണസമിതിയുടെ യോഗത്തിൽ അംഗീകാരം നൽകുകയും ചെയ്തു. ഈ പ്രോജക്ട് കെ.എസ്.ആർ.ടി.സി. യുടെയും കെ.റ്റി.ഡി.എഫ്.സി. യുടെയും സംയുക്ത സംരംഭമായി നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ആവശ്യമായ കൂടുതൽ സൗകര്യങ്ങൾക്കായി എസ്റ്റിമേറ്റിൽ 640.41 ലക്ഷം രൂപ കൂടി വർദ്ധി

പ്പിച്ച് എസ്റ്റിമേറ്റ് തുക 26.13 കോടി രൂപയായി ഉയർത്തി. ഇതുപ്രകാരം കെ.റ്റി. ഡി.എഫ്.സി. യിൽ നിന്നും ഗവൺമെന്റിന് ലഭ്യമാക്കിയ 26.13 കോടി രൂപ യ്ക്കുള്ള പുതുക്കിയ ഭരണാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് സർക്കാരിന്റെ പരിശോധനയിലാണ്.

**മേശപ്പുറത്ത് വച്ച കടലാസ്സുകൾ**

കാര്യവിവര പട്ടികയിലെ നാലാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സു കൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

2010 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ബില്ലിനെ സംബന്ധിച്ച പത്താം സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

ഒന്നു മുതൽ പത്തുവരെയുള്ളള സബ്ജക്ട് കമ്മിറ്റികളുടെ 2008-2009 വർഷത്തെ ആനുകാലിക റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു

ഹർജികൾ സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പി ക്കപ്പെട്ടു.

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പന്ത്രണ്ട് മുതൽ പതിനാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ക്രമപ്രശ്നം**

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> എഴാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2008-2009-ലെ ആനുകാലിക റിപ്പോർട്ട് ഭക്ഷ്യവും സിവിൽസപ്ലൈസും

വകുപ്പു മന്ത്രിക്കുവേണ്ടി കമ്മിറ്റിയിൽ അംഗമല്ലാത്ത തൊഴിലും എക്സൈസ്സും വകുപ്പു മന്ത്രി സമർപ്പിച്ചത് ഓർഡറിലല്ല.

**റൂളിംഗ്**

മി. സ്പീക്കർ : കമ്മിറ്റിയിലെ കോ- ചെയർമാൻമാരോ കമ്മിറ്റി അംഗങ്ങളോ റിപ്പോർട്ട് സമർപ്പിക്കണം. ഇതിനെക്കുറിച്ച് പരിശോധിക്കാം.

**നിയമനിർമ്മാണകാര്യം**

2009-ലെ രജിസ്ട്രേഷൻ (കേരള ഭേദഗതി) ബിൽ അവതരണവും

സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്.ശർമ്മ): 2009-ലെ രജിസ്ട്രേഷൻ(കേരള ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്.ശർമ്മ): 2009-ലെ രജിസ്ട്രേഷൻ(കേരള ഭേദഗതി) ബിൽ പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച അഞ്ചാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

ബില്ലിലെ അപാകതകൾ

ശ്രീ. ആര്യാടൻ മുഹമ്മദ് :ബില്ലിൽ 17-ാം വകുപ്പിന്റെ ഭേദഗതിയിൽ ഒന്നാം ഉപവകുപ്പിൽ രണ്ടാമത്തെ ക്ലാസിൽ (ജി)-യിൽ ഒപ്പിട്ടു പൂർത്തീകരിക്കുന്ന ആളുടെ അച്ഛൻ, അമ്മ, ഭാര്യ, ഭർത്താവ്, മകൻ, മകൾ, സഹോദരൻ അഥവാ സഹോദരി എന്നിവരൊഴികെയുള്ളവർക്ക് നൽകുന്ന പവർ ഓഫ്

അറ്റോർണി എന്നു പറയുന്നിടത്ത് മകളുടെ ഭർത്താവിനെ കൂടി ഉൾപ്പെടുത്തണം. 1908-ലെ നിയമപ്രകാരം പവർ ഓഫ് അറ്റോർണി കൊടുക്കാനുള്ള അവകാശം ഉണ്ടായിരിക്കേ അതിന് വിരുദ്ധമായ നിയമം കൊണ്ടുവരുന്നത് ഇൻകൺസിസ്റ്റന്റാണ്. അത് ഭരണഘടനയുടെ ആർട്ടിക്കിൾ 254-നും 13 (ബി)ക്കും എതിരാണ്. ആർട്ടിക്കിൾ 368-ന് ഭേദഗതി കൊണ്ടുവരാൻ നിയമ സഭയ്ക്ക് അധികാരമില്ല. റൂൾസ് ഓഫ് പ്രൊസിഡ്യുവറിലെ റൂൾ 73 അനുസരിച്ച് ഫിനാൻഷ്യൽ മെമ്മോറാണ്ഡത്തിൽ റെക്കറിംഗ് ആന്റ് നോൺ റെക്കറിംഗ് എക്സ്പെന്റിച്ചർ വ്യക്തമാക്കണം. ഈ നിയമം നടപ്പാക്കുമ്പോൾ സഞ്ചിത നിധിയിൽ നിന്ന് ചെലവ് വരുന്നില്ല എന്നാണ് ബില്ലിൽ പറഞ്ഞിരിക്കുന്നത്. അത് ശരിയല്ല. ഈ നിയമത്തിലെ ചില വ്യവസ്ഥകൾ നടപ്പിലാക്കണമെങ്കിൽ അതിന് ചെലവു വരും എന്നുള്ളത് വ്യക്തമാണ്. രജിസ്ട്രേഷൻ കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയമായതുകൊണ്ട് ഇതിന് പ്രസിഡന്റിന്റെ അസന്റ് വേണം. അത് വാങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. കേന്ദ്ര ആക്ടിന് കടക വിരുദ്ധമായ ഭേദഗതി നിയമം സംസ്ഥാന ഗവൺമെന്റ് പാസ്സാക്കുന്നത് ശരിയല്ല.

<u>ശ്രീ. എം. മുരളി:</u> സർക്കാർ ഭൂമിയാണെങ്കിലും സ്വകാര്യ ഭൂമിയാണെങ്കിലും വ്യാജ രജിസ്ട്രേഷൻ നടത്തി കൈമാറ്റം ചെയ്യുന്നത് കർശനമായി തടയാൻ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നിയമനിർമ്മാണം നടത്തണമെന്നുള്ള സുപ്രീംകോടതി വിധി കാണാതെ പോയത് ശരിയല്ല. സ്വകാര്യ ഭൂമിയായാലും സർക്കാർ ഭൂമിയായാലും വ്യാജ കൈമാറ്റം നടന്നതായി എപ്പോൾ കണ്ടെത്തുന്നോ അപ്പോൾ അത് റദ്ദ് ചെയ്ത് യഥാർത്ഥ ഉടമസ്ഥന് തിരികെ ലഭിക്കാനുള്ള അവസരമുണ്ടാകുന്ന ഭേദഗതി കൊണ്ടുവരണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി(ശ്രീ. എസ്.ശർമ്മ): പവർ ഓഫ് അറ്റോർണിയിൽ മരുമകനെ കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനാവേളയിൽ ചർച്ച ചെയ്യാം. ഈ നിയമത്തിന് കേന്ദ്രഗവൺമെന്റിന്റെ അപ്രൂവൽ ലഭ്യമായിട്ടുണ്ട്. രജിസ്ട്രേഷൻ കൺകറന്റ് ലിസ്റ്റിൽപ്പെട്ടതായതുകൊണ്ട് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്ക് നിയമനിർമ്മാണം നടത്താൻ അവകാശമുണ്ട്. പക്ഷേ നിയമനിർമ്മാണം നടത്തി പ്രസിഡന്റിന്റെ അസന്റ് കിട്ടിയശേഷം മാത്രമേ നിയമം പ്രാബല്യത്തിൽ വരികയുള്ളു. അതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. അതുപോലെ മറ്റ് നടപടിക്രമങ്ങൾക്കുള്ള ചെലവ് നിലവിലുള്ള സഞ്ചിതനിധിയിൽ നിന്നും ചെലവാക്കേണ്ടി വരില്ല. 2008-നു മുമ്പുതന്നെ ഈ ബില്ലുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ ആരംഭിച്ചിരുന്നു. ഈ ബില്ലിന്റെ ഭേദഗതിയിൽ വന്നിട്ടുള്ള ലിമിറ്റേഷൻ സംബന്ധിച്ച് സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമവകുപ്പും സബ്ജക്ട് കമ്മിറ്റിയും ഇക്കാര്യം സൂക്ഷ്മമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**റൂളിംഗ്**

മി. സ്പീക്കർ : 1908-ലെ രജിസ്ട്രേഷൻ ആക്ടിലെ ചില വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടാണ് ഈ ബിൽ കൊണ്ടുവന്നതെന്ന ഒബ്ജക്ഷൻ ശരിയാണ്. പക്ഷേ ബിൽ അവതരിപ്പിക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ അനുമതി വാങ്ങിയിട്ടുള്ളതിനാൽ നിയമം പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരം കിട്ടുന്നതോടുകൂടി ആക്ടാക്കുന്നതിന് യാതൊരു തടസ്സവുമില്ല. കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് ചെലവൊന്നും വരില്ലെന്നുള്ളതുകൊണ്ട് ധനകാര്യ മെമ്മോറാണ്ടത്തിൽ റെക്കറിംഗ്-നോൺറെക്കറിംഗ്

എക്സ്പെൻഡിച്ചർ പറയേണ്ട ആവശ്യമില്ല. ബിൽ അവതരിപ്പിക്കുന്നതിന് ഭരണഘടനാപരമായോ നിയമപരമായോ യാതൊരു തടസ്സവുമില്ല. ഒബ്ജക്ഷ നുകൾ നിലനിൽക്കുന്നതല്ല.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): 1908-ൽ പാസ്സാക്കിയ കേന്ദ്ര രജിസ്ട്രേഷൻ നിയമമാണ് ഇന്ത്യയിലൊട്ടാകെ തുടർന്നുവരുന്നത്. സംസ്ഥാനത്ത് ഭൂമിയുടെ വിസ്തൃതി കുറഞ്ഞും ജനസംഖ്യ വർദ്ധിച്ചും വരികയാണ്. ഉല്പാദനമേഖലയുടെ പശ്ചാത്തല സൗകര്യമൊരുക്കുന്ന ഉറവിടമെന്ന നിലയിൽ ഇന്ന് കമ്പോളത്തിൽ ഭൂമി ഒരു പ്രധാന കച്ചവടച്ചരക്കായി മാറിയിരിക്കുകയാണ്. നിലവിലുള്ള രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്ട്രേഷൻ നടത്തുമ്പോൾ ഏതെങ്കിലും തരത്തിലുള്ള ഡിസ്പ്യൂട്ട് വന്നാൽ അത് ക്യാൻസൽ ചെയ്യാൻ ഗവൺമെന്റിന് അധികാരമില്ലാതിരിക്കുകയും കോടതിമുഖേന പരിഹാരം കാണേണ്ടിവരികയും ചെയ്യുന്ന സാഹചര്യത്തിലാണ് ഇത്തരം ഒരു ഭേദഗതി നിയമം കൊണ്ടുവരുന്നത്. ഇപ്പോൾ രജിസ്ട്രേഷൻ രംഗത്ത് വൻതോതിൽ തിരിമറികളും ആൾമാറാട്ടങ്ങളും അട്ടിമറികളും നടക്കുകയാണ്. ഇക്കാര്യത്തിൽ കർശനമായ നിലപാട് സ്വീകരിച്ചതിന്റെ ഫലമായി രജിസ്ട്രേഷൻ വകുപ്പിൽ ഫെയർവാല്യൂ പ്രാബല്യത്തിൽ വരികയാണ്. കേരളത്തിൽ എത്ര ഏക്കർ സ്ഥലമുണ്ട്, അതിൽ സർക്കാർ ഭൂമിയേത്, പുറമ്പോക്ക് ഭൂമിയേത് തുടങ്ങിയ വിവരങ്ങൾ ഇപ്പോൾ വെബ്സൈറ്റിൽ നിന്നുകിട്ടും. സംസ്ഥാനത്ത് ഭൂമി ഇടപാടിൽ ബിനാമി ഏർപ്പാടിലൂടെ ആൾമാറാട്ടം നടത്തി സർക്കാർ ഭൂമിയോ മറ്റു വ്യക്തികളുടെ ഭൂമിയോ ഏതെങ്കിലും തരത്തിൽ കൈമാറ്റം നടത്തിയാൽ ആ ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചുപിടിക്കാൻ നിയമപരമായി അധികാരം നൽകുന്ന സുപ്രധാനമായ

ഒരു ഭേദഗതിയാണ് ഗവൺമെന്റ് നിർദ്ദേശിക്കുന്നത്. വൻതോതിൽ ഭൂമിയിടപാടുകൾ നടക്കുമ്പോഴുണ്ടാകുന്ന കരാറുകൾക്ക് ഇപ്പോൾ നിയമപരമായ അംഗീകാരമോ പരിരക്ഷയോ ഇല്ല. അസാധാരണമായ സമാന്തര സമ്പദ്ഘടനയുടെ ഒളിഞ്ഞുംതെളിഞ്ഞുമുള്ള നീക്കങ്ങൾക്ക് നിയന്ത്രണം കൊണ്ടുവരിക എന്ന സദുദ്ദേശപരമായ സമീപനവും നയപരമായി ഗവൺമെന്റ് ഇപ്പോൾ കണക്കാക്കുന്നുണ്ട്. സത്യസന്ധമായി ഭൂമി വാങ്ങുകയും കൊടുക്കുകയും ചെയ്യുന്നവർക്ക് നിയമപരമായ പരിരക്ഷ ഉറപ്പാക്കുകയാണ് ഈ ഭേദഗതി നിയമംകൊണ്ടുണ്ടാകുന്നത്. ഭൂമിയെ ഒരു വിൽപ്പന ചരക്കാക്കി കൈകാര്യം ചെയ്യുന്നതിലുണ്ടാകുന്ന തട്ടിപ്പും വെട്ടിപ്പും അവസാനിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കൊണ്ടുവന്ന ഈ ബില്ലിന് എല്ലാവരുടേയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. സി.എച്ച്. കുഞ്ഞമ്പു</u>: 2009-ലെ രജിസ്ട്രേഷൻ (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 20-5-2010 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഭൂമി തട്ടിയെടുക്കുന്നതിന് വ്യാജരേഖ ചമയ്ക്കുന്ന റിയൽ എസ്റ്റേറ്റ് മാഫിയകളെ ഉദ്ദേശിച്ചുകൊണ്ടാണ് 1908-ലെ രജിസ്ട്രേഷൻ ആക്ടിനുള്ള ഒരു ഭേദഗതി കേരള നിയമസഭ കൊണ്ടുവന്നത്. സർക്കാർ ഭൂമിയും പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമിയും കൈമാറ്റം ചെയ്യുമ്പോൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ എൻ.ഒ.സി.കൂടി രേഖയോടൊപ്പം വച്ചാൽമാത്രമേ രജിസ്ട്രേഷൻ ചെയ്യാൻ കഴിയുകയുള്ളൂ എന്നതാണ് ഈ ബില്ലിലെ ഒന്നാമത്തെ ഭേദഗതി. മറ്റൊരു വ്യക്തിയുടെ താല്പര്യത്തിന് ഹാനികരമാകുന്ന വിധത്തിൽ ആൾമാറാട്ടം നടത്തി രേഖകൾ റദ്ദുചെയ്യുന്നതാണ് രണ്ടാമത്തെ ഭേദഗതി. എഗ്രിമെന്റ് ക്യാൻസൽ ചെയ്യുന്നതിന് ഗവൺമെന്റിന് അധികാരം

കൊടുത്തുകൊണ്ടുള്ളതാണ് മൂന്നാമത്തെ ഭേദഗതി. ഭൂമി വിൽപ്പനയുടെ കാര്യത്തിൽ കോടിക്കണക്കിന് രൂപയുടെ ട്രാൻസാക്ഷനാണ് ഇപ്പോൾ നടന്നുവരുന്നത്. നഗരങ്ങളും ഗ്രാമങ്ങളും കേന്ദ്രീകരിച്ച് ഭൂമാഫിയകൾ വൻതോതിൽ വളർന്നുവരികയാണ്. വ്യാജപ്രമാണം ചമയ്ക്കൽ, അന്യന്റെ ഭൂമി തട്ടിയെടുക്കൽ, സ്റ്റാമ്പ് ഡ്യൂട്ടിയിലെ വെട്ടിപ്പ്, കൊള്ളലാഭമുണ്ടാക്കൽ തുടങ്ങി സാമൂഹ്യ മാന്യതയ്ക്കും കച്ചവടമൂല്യത്തിനുപോലും നിരക്കാത്ത രീതിയിലുള്ള തട്ടിപ്പുകളാണ് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടുകൂടി നടക്കുന്നത്. ഇത് നിയന്ത്രിക്കുന്നതിനുള്ള ശക്തമായ ചുവടുവയ്പ്പാണ് ഈ ഭേദഗതി നിയമത്തിലൂടെ നടപ്പാക്കുന്നത്. ആശാസ്യകരമല്ലാത്ത ഇടപാടുകൾ നിയന്ത്രിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് തിരിച്ചറിയുകയും അക്കാര്യത്തിൽ ഇടപെടൽ നടത്തുകയും ചെയ്ത രജിസ്ട്രേഷൻ വകുപ്പുമന്ത്രി അഭിനന്ദനം അർഹിക്കുന്നു. റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് വ്യാജ ഭൂമിയിടപാടുകൾ നിരുത്സാഹപ്പെടുത്തണ മെന്ന് കേന്ദ്രഗവൺമെന്റ് നിലപാട് സ്വീകരിച്ചുവെങ്കിലും യു.ഡി.എഫ്. ഭരണകാലത്ത് അതുണ്ടായില്ല. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഭൂമിക്ക് ഫെയർവാല്യൂ നിശ്ചയിക്കുകവഴി ഈ രംഗത്തെ വെട്ടിപ്പ് പരമാവധി ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഫലമായി ആധാരം രജിസ്ട്രേഷനിൽ വിലയ്ക്കുവാങ്ങുന്ന ഭൂമിയുടെ വിലകുറച്ചുകാണിച്ച് സ്റ്റാമ്പ് ഡ്യൂട്ടിയിൽ വെട്ടിപ്പുനടത്തുന്ന ഏർപ്പാട് ഒഴിവാക്കാൻ കഴിഞ്ഞു. അതുപോലെ രജിസ്ട്രേഷൻ വകുപ്പിന്റെ സേവനം എത്രയും വേഗം ജനങ്ങളിലെത്തിക്കുന്നതിനായി സി-ഡിറ്റിന്റെ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് ഡിജിറ്റൽ ഇമേജ് പ്രിന്റർ

സംവിധാനം നടപ്പാക്കുകവഴി ഒന്നോരണ്ടോ ദിവസത്തിനകം ആധാരം രജിസ്ട്രേഷന്റെ പകർപ്പ് അപേക്ഷകന് ലഭിക്കുന്ന അവസ്ഥ നിലവിൽ വന്നു. സംസ്ഥാനത്തെ എല്ലാ രജിസ്ട്രാർ ഓഫീസുകളിലും അതിനാവശ്യമായ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 131 രജിസ്ട്രേഷൻ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചതുൾപ്പെടെ രജിസ്ട്രേഷൻ വകുപ്പിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തിയതിന്റെ ഫലമായി കുടികിടപ്പു സർട്ടിഫിക്കറ്റുകളും മറ്റും വളരെ വേഗത്തിൽ ജനങ്ങൾക്ക് ലഭ്യമാകാൻ ഇടയായിട്ടുണ്ട്.. കള്ളപ്രമാണവും ആൾമാറാട്ടവും ഒരു പരിധി വരെ തടയാൻ കഴിഞ്ഞു.. ആധാരത്തിൽ ഫോട്ടോ പതിപ്പിക്കുന്ന സംവിധാനം നിലവിൽ വന്നതോടുകൂടി വ്യാജ വിൽപ്പന തടയാൻ കഴിഞ്ഞു. രജിസ്ട്രേഷൻ ഓഫീസുകൾ നവീകരിക്കാൻ നടപടി സ്വീകരിച്ചതു വഴി ആധുനിക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഫെയർ വാല്യൂ സംവിധാനവും പൗരാവകാശരേഖകളുടെ പ്രസിദ്ധീകരണവും .സ്വാഗതാർഹമാണ്. അദാലത്തുകൾ സംഘടിപ്പിക്കാനും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ നികുതി പിരിച്ചെടുക്കാനും കഴിഞ്ഞത് അഭിനന്ദനാർഹമാണ്. ഓൺലൈൻ വഴി രജിസ്ട്രേഷൻ നടത്താനും രജിസ്ട്രേഷൻ ഓഫീസുകളിൽ ആധുനിക ഭാഷ ഉപയോഗിക്കാനും നടപടി സ്വീകരിക്കണം. ജോലി നഷ്ടപ്പെടുന്ന ആധാരമെഴുത്തുകാരെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കണം. സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് 4 ശതമാനമാക്കി ചുരുക്കണം. ഭൂമി കൈമാറ്റത്തിൽ ഇന്ന് നിലവിലിരിക്കുന്ന ആശാസ്യകരമല്ലാത്ത കാര്യങ്ങൾ നിയന്ത്രണ വിധേയമാക്കണം.

<u>ശ്രീ. വി. ശശികുമാർ</u>: 2009-ലെ രജിസ്ട്രേഷൻ (കേരള ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കള്ളപ്രമാണം ചമയ്ക്കൽ, ആൾ മാറാട്ടം, ഭൂമി തട്ടിപ്പ്

തുടങ്ങിയ നിരവധി പ്രശ്നങ്ങൾ രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട് ഉയർന്നു വരുന്നുണ്ട്. നിലവിലുള്ള ആക്ട് വഞ്ചനാപരമായ മാർഗ്ഗങ്ങളിലൂടെ രജിസ്റ്റർ ചെയ്യപ്പെട്ടതായി കണ്ടെത്തിയിട്ടുള്ള രേഖകൾ റദ്ദാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നില്ല. മറ്റൊരു വ്യക്തിയുടെ താല്പര്യത്തിന് ഹാനികരമാകുന്ന വിധത്തിൽ ഏതെങ്കിലും ഒരാൾ വ്യാജ മായി മറ്റൊരാളായി ആൾമാറാട്ടം നടത്തി രജിസ്റ്റർ ചെയ്യിപ്പിച്ച രേഖകളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനുവേണ്ടിയും 71-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടിക്രമം അനുവർത്തിക്കാതെ ഒപ്പിട്ടു പൂർത്തീകരി ച്ചിട്ടുള്ള വ്യാജ രേഖകളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. കള്ളപ്പണം നമ്മുടെ നാട്ടിൽ വൻതോതിൽ കടന്നുവരുകയും അത് ഒളിപ്പിച്ചുവയ്ക്കാനുള്ള മാന്ത്രിക ചെപ്പായി നാട്ടിലെ ഭൂമിയെ ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന അവസ്ഥയാണ് കേരളത്തിൽ കാണുന്നത്. പുതിയ ധനമൂലധന നിക്ഷേപത്തിന് ഭൂമിയെ ഉപയോഗിക്കുന്ന ഭൂമാഫിയയെ നേരിടുന്നതിന് ധീരമായ ചുവടുവയ്പായി ഈ നിയമത്തെ കാലം വിലയിരുത്തും. 17-ാം വകുപ്പിന്റെ ഭേദഗതി ഡോക്യുമെന്റുകളുടെ രജിസ്ട്രേഷൻ കംപൽസറിയാക്കുന്നത് സംബന്ധിച്ചാണ്. നമ്മുടെ നാട്ടിൽ ഒരു കരാർ എഴുതിക്കഴിഞ്ഞാൽ നൂറുകണക്കിനുള്ള ഇടപാടുകൾ നടത്തി യഥാർത്ഥത്തിലുള്ള വാല്യു യാതൊരു വിധത്തിലും കണക്കാക്കാത്തവിധത്തിലുള്ള രജിസ്ട്രേഷനുകളാണ് നടന്നു കൊണ്ടിരിക്കുന്നത്. അതിന്റെ പേരിൽ നടക്കുന്ന തട്ടിപ്പുകളൊഴിവാക്കാൻ സാധിക്കും. 71-ാം വകുപ്പിൽ രജിസ്ട്രേഷൻ റഫ്യൂസ് ചെയ്യാൻ അധികാരം നൽകുന്ന ഭേദഗതിയാണ്. ആ ഭേദഗതിക്ക് പ്രാതികാരം ചെയ്ത

ഉദ്യോഗസ്ഥൻ എൻ.ഒ.സി കൊടുത്താൽ മാത്രമേ അത് രജിസ്റ്റർ ചെയ്യാൻ പറ്റുകയുള്ളു. 83 (എ), 83 (ബി) എന്നീ ഭേദഗതികൾ രജിസ്ട്രേഷൻ റദ്ദാക്കാൻ ഇൻസ്പെക്ടർ ജനറലിന് അധികാരം നൽകുന്ന ഭേദഗതിയാണ്. അതിന്റെ മേൽ സർക്കാരിന് അപ്പീൽ കൊടുക്കാനുള്ള ഭേദഗതികളുമുണ്ട്. ഈ ഭേദഗതികളിലൂടെ കേരളത്തിലെ രജിസ്റ്റർ ആഫീസുകളിൽ കള്ളപ്രമാണം ചെയ്യുന്നത് തടയാൻ സാധിക്കും. രജിസ്ട്രേഷൻ ആഫീസുകളിൽ ഡിജിറ്റൽ ഇമേജ് പദ്ധതി നടപ്പിലാക്കി സർട്ടിഫിക്കറ്റുകൾ കൃത്യസമയത്ത് ലഭ്യമാക്കുന്നതിനുള്ള സൗകര്യമേർപ്പെടുത്തുകയും 131 രജിസ്ട്രാർ ആഫീസുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുകയും ചെയ്തു. പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുകയും കള്ളപ്രമാണവും ആൾമാറാട്ടവും തടയുന്നതിനുവേണ്ടി ഫോട്ടോയും വിരൽ പതിപ്പും നിർബന്ധമാക്കി. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന തിരിച്ചറിയൽ കാർഡ് കേരളത്തിലും നടപ്പിലാക്കി. ഭൂമാഫിയയെ നിയന്ത്രിക്കാൻ ഈ ബിൽ സഹായകമാകും. .

<u>ശ്രീ. വി. ഡി. സതീശൻ:</u> സംസ്ഥാനത്ത് വിവാദമുണ്ടാക്കിയ ഭൂമി കച്ചവടങ്ങളും വ്യാജരേഖകൾ ഉപയോഗിച്ചുകൊണ്ടുള്ള തട്ടിപ്പുകളും റിയൽ എസ്റ്റേറ്റ് രംഗത്ത് നടന്നിട്ടുണ്ട്. ലാന്റ് റിക്കോർഡ്സുമായി ബന്ധപ്പെട്ട കേസുകളാണ് പലപ്പോഴും തർക്കത്തിലേയ്ക്കും മറ്റ് വലിയ കുറ്റകൃത്യങ്ങളിലേയ്ക്കുമെല്ലാം നയിക്കപ്പെടുന്നത്. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യം ലാന്റ് റിക്കോർഡ്സ് വളരെ കൃത്യമായി സൂക്ഷിക്കുകയും അത് കൃത്യമായിരിക്കുകയും ചെയ്യുക എന്നുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഭൂമി കൈമാറ്റം നടക്കുന്നത്. ലക്കും ലഗാനുമില്ലാതെ നടക്കുന്ന ഭൂമി കച്ചവടത്തിന് ഒരു നിയന്ത്രണം

ഏർപ്പെടുത്താൻ ആധാരത്തിൽ ഫോട്ടോ പതിപ്പിക്കാനുള്ള തീരുമാനംകൊണ്ട് സാധിച്ചു. ആധാരമെഴുത്തുകാരുടെ ജോലി സംരക്ഷിക്കാൻ വേണ്ടി മാത്രം രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ ആധുനിക സങ്കേതങ്ങൾ ഏർപ്പെടുത്തരുത് എന്നുള്ള വാദത്തോട് യോജിക്കുന്നില്ല. രജിസ്ട്രേഷൻ ആഫീസുകളിൽ രേഖകൾ കൃത്യമായി സൂക്ഷിക്കാനുള്ള സംവിധാനമേർപ്പെടുത്തണം. സംസ്ഥാനത്തുള്ള ഭൂമിയെക്കുറിച്ചുള്ള മുഴുവൻ ഡാറ്റാ കളക്ട് ചെയ്ത് ഭൂരേഖകൾ സംരക്ഷിക്കുന്നതിന് ഡാറ്റാ ബാങ്ക്പദ്ധതി നമുക്കുണ്ടാകണം. ഈ രേഖകൾ മുഴുവൻ ക്രോഡീകരിച്ച് സാധാരണക്കാർക്ക് പ്രാപ്യമായ രീതിയിൽ ലഘൂകരിക്കാനുള്ള സംവിധാനങ്ങൾ വേണം. ലാന്റ് മാപ്പിംഗിനുവേണ്ടി കൃത്യമായ ഒരു ഡാറ്റാ ഡിപ്പാർട്ടുമെന്റിലുണ്ടാകണം. ലാന്റ് റിക്കോർഡ്സ് പെർഫെക്ടായിരിക്കുകയും കൃത്യമായ ലാന്റ് മാപ്പിംഗ് നടത്താനും സാധിക്കണം. എല്ലാ രജിസ്ട്രേഷൻ ഓഫീസുകളിലും അതിന്റെ ജൂറിസ്ഡിക്ഷൻ ഏരിയയുടെ ലാന്റ് മാപ്പിംഗ് കൃത്യമായി ഉണ്ടാകണം. കൃത്യമായ സർവ്വേ നമ്പർ, അതിർത്തികൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ കൃത്യമായി പുനർ നിർണ്ണയിക്കാൻ കഴിയാവുന്ന സംവിധാനങ്ങൾ ഉണ്ടാകണം. ബാദ്ധ്യതാ സർട്ടിഫിക്കറ്റാണ് കമ്പ്യൂട്ടർ സിസ്റ്റം വഴി ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത് അത് അപ്ഗ്രേഡ് ചെയ്ത് എല്ലാ രേഖകളും ഡാറ്റാ ബേസിൽ കൊണ്ടുവരാൻ കഴിയണം. പാവപ്പെട്ട ഭൂരഹിതരായ ആളുകൾക്ക് ഗവൺമെന്റ് ഭൂമി കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. ഭൂമിയുടെ യഥാർത്ഥ വില കാണിച്ച് രജിസ്റ്റർ ചെയ്യാതിരിക്കുന്നത് രജിസ്ട്രേഷൻ ഫീസായി വലിയ തുക കൊടുക്കുന്നത് ഒഴിവാക്കാൻ വേണ്ടിയാണ്. കരാർ ഉണ്ടാക്കാതെ ഒരു സ്ഥലവും വിൽക്കാൻ സാധിക്കുകയില്ല. ഈ ഭേദഗതിയിലൂടെ ഫെയർവാല്യൂ വർദ്ധിപ്പിച്ചെങ്കിലും

സർക്കാരിന് കിട്ടേണ്ട വരുമാനവും ഭൂമി കച്ചവടവും ഗണ്യമായി കുറയാൻ. സാധ്യതയുള്ളതുകൊണ്ട് ഇക്കാര്യം ഗൗരവമായി പരിശോധിക്കണം. ഗവൺമെന്റ് ഓരോ പ്രദേശത്തേയും മാർക്കറ്റ് വാല്യൂ അനുസരിച്ച് ഫെയർ വാല്യൂ നിശ്ചയിച്ചിരിക്കുന്നതിനാൽ ഭൂമി വിൽക്കുമ്പോൾ യഥാർത്ഥ വില കാണിക്കേണ്ടിവരുന്നു. സ്റ്റാമ്പ് ഡ്യൂട്ടിയായി വലിയൊരു തുക കൊടുക്കേണ്ടി വരുമെന്നുള്ളതുകൊണ്ട് ഭൂമി വിൽപ്പന കുറയാനും അതുവഴി സർക്കാരിന്റെ വരുമാനം കുറയാനും സാധ്യതയുണ്ട്. 1998-ൽ നിലവിൽവന്ന ആക്ടിലെ 17-ാം വകുപ്പിൽ ഭേദഗതിയായി ചേർത്തിട്ടുള്ളത് രജിസ്റ്റർ ചെയ്യപ്പെടേണ്ട എഗ്രിമെന്റിനെക്കുറിച്ചാണ്. ഈ വകുപ്പുപ്രകാരം രജിസ്ട്രേഷൻ നടക്കുമ്പോൾ ട്രാൻസ്ഫർ ഓഫ് ഇന്ററസ്റ്റ് ഉണ്ടാകുന്നുണ്ടെങ്കിലും ഒരു എഗ്രിമെന്റിൽ ഇന്ററസ്റ്റ് ട്രാൻസ്ഫർ ചെയ്യപ്പെടുന്നില്ല. രജിസ്ട്രേഷന്റെ പ്രസക്തി എന്താണെന്നുള്ളത് കോടതിയിൽ ചോദ്യം ചെയ്യപ്പെടാനുള്ള സാധ്യത ഉണ്ട്. ഈ നിയമം നടപ്പിലായിക്കഴിഞ്ഞാൽ സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്ന് ഒഴിവാകുവാൻ വേണ്ടി ഫ്രോഡുലന്റ് ട്രാൻസാക്ഷൻസും തർക്കങ്ങളും വരാൻ സാധ്യതയുണ്ട്. ബില്ലിലെ ഭേദഗതിയിലൂടെ സംസ്ഥാനത്ത് ഭൂമി കേന്ദ്ര മാക്കി ധന മൂലധനം വരുന്നതിനുള്ള സാധ്യതകൾ ഇല്ലാതാകും. 71-ാം വകുപ്പിന്റെ ഭേദഗതിയിൽ സർക്കാരിന്റെ എല്ലാ സ്ഥാവര ജംഗമ സ്വത്തുകളും കൈമാറ്റം ചെയ്യപ്പെടുന്നതിനുള്ള വ്യവസ്ഥ നിർബന്ധമാക്കണം. ഫ്രോഡുലന്റ് ട്രാൻസാക്ഷൻ ലിമിറ്റേഷൻ ആക്ട് ബാധകമല്ലെന്ന സുപ്രീം കോടതി വിധി ഈ ഭേദഗതിയിൽ ഉൾക്കൊള്ളിച്ചത് വളരെ സ്വാഗതാർഹമാ ണെന്നു മാത്രമല്ല, ബില്ലിന് വ്യക്തത കൈവരുത്തുകയും ഇത്തരം ട്രാൻസാ ക്ഷൻ നടത്തുന്ന ആളുകൾ അതിൽനിന്നും പിന്മാറിപ്പോകുന്ന അവസ്ഥ

സംജാതമാകുകയും ചെയ്യും. ജനങ്ങളുടെ സ്വത്ത് സംരക്ഷിക്കാനുള്ള ബാധ്യത ഗവൺമെന്റിനുള്ളതുകൊണ്ട് 17-ാം വകുപ്പ് പ്രകാരം കരാറുകൾ രജിസ്റ്റർ ചെയ്യുന്നതിനെക്കുറിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ഗൗരവമായി ചർച്ച ഉണ്ടാകണം.

ശ്രീ. കെ. ബാബു: ഈ ഗവൺമെന്റ് ഭൂ മാഫിയയെ നിയന്ത്രിക്കുന്നതിന് യാതൊരു നിയന്ത്രണവും നടത്താത്തതിന്റെ ഫലമായി സംസ്ഥാനത്ത് രജിസ്ട്രേഷനിലൂടെ ലഭിച്ചിരുന്ന വരുമാനം ഗണ്യമായി കുറഞ്ഞു. ഈ നിയമ ഭേദഗതികൊണ്ട് ഭൂമാഫിയകളെ നിയന്ത്രിക്കാൻ സാധിക്കുമോ എന്നുള്ള കാര്യത്തിൽ സംശയമുണ്ട്. 17-ാം വകുപ്പ് പ്രകാരം മുക്ത്യാറുകൾ രജിസ്റ്റർ ചെയ്യണമെന്നാണ് വ്യവസ്ഥ. എന്നാൽ മുക്ത്യാർ ഇല്ലെങ്കിൽ അയാൾ ഓതറൈസ് ചെയ്യുന്ന ആരെങ്കിലും എന്നുള്ള ഭേദഗതി കൊണ്ടുവന്നില്ലെങ്കിൽ ഇതിന്റെ ലക്ഷ്യംതന്നെ ഇല്ലാതാകുമെന്നതിനാൽ മുക്ത്യാർക്കുകൂടി സംരക്ഷണം കൊടുക്കുന്ന സമീപനം ഉണ്ടാകണം. സ്റ്റാമ്പ് ഡ്യൂട്ടി യിൻമേലുള്ള സർച്ചാർജ്ജ് പൂർണ്ണമായും ഉപേക്ഷിച്ചത് സ്വാഗതാർഹമാണ്. ഏപ്രിൽ 1-ാം തീയതി മുതൽ ഫെയർ വാല്യു നടപ്പിൽ വരുന്നതോടുകൂടി ഫെയർവാല്യുവിൽ വലിയ വർദ്ധനവുണ്ടാകും. സർക്കാർ ആവശ്യത്തിന് സ്ഥലം അക്വയർ ചെയ്യേണ്ടി വരുമ്പോൾ ആ ഭൂമിക്ക് ഫെയർ വാല്യു കൊടുക്കാൻ സർക്കാരിന് ബാധ്യതയുണ്ട്. സർക്കാരിന്റെ വികസന പ്രവർത്ത നങ്ങളെയെല്ലാം ഇത് പ്രതികൂലമായി ബാധിക്കും. ഇന്റർനെറ്റ് വഴി ഫെയർ വാല്യു എടുക്കണമെന്ന നിർദ്ദേശം പ്രായോഗികമല്ലാത്തതിനാൽ ഗസറ്റിൽ പരസ്യം ചെയ്യുന്ന സംവിധാനമുണ്ടാകണം. ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്ന രജിസ്ട്രേഷൻ വകുപ്പിലെ ഓഫീസുകളുടെ അടിസ്ഥാന സൗകര്യ ങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. കമ്പ്യൂട്ടറുകൾ

പ്രവർത്തനരഹിതമായതിനാൽ ബാധ്യതാ സർട്ടിഫിക്കറ്റ് 24 മണിക്കൂറിനുള്ളിൽ കൊടുക്കണമെന്നാണ് വ്യവസ്ഥയെങ്കിലും അതിന് കഴിയാത്ത സ്ഥിതിയാണുള്ളത്. ഓഫീസുകളിൽ തകരാറിലായി കിടക്കുന്ന കമ്പ്യൂട്ടറുകളുടെയും ഡിജിറ്റൽ ഇമേജ് പ്രിന്ററിന്റേയും കാര്യം ഐ.ജി. രജിസ്ട്രേഷനെക്കൊണ്ട് അന്വേഷിപ്പിക്കണം. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പാർട്ടീഷൻ ഡീഡ്സ് രജിസ്റ്റർ ചെയ്യുന്നതിന് അനുവദിച്ചിരുന്ന സൗജന്യങ്ങൾ പുനഃസ്ഥാപിക്കണം. ക്ലാസ് (3)-ൽ 71-ാം വകുപ്പിന്റെ ഭേദഗതിയിൽ എൻ.ഒ.സി. ഹാജരാക്കണമെന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്. എൻ.ഒ.സി. നൽകുന്നതിലുംമറ്റും കാലതാമസമുണ്ടാകാനിടയുള്ളതുകൊണ്ട് ഇത് ഇഷ്യൂ ചെയ്യുന്ന കാര്യത്തിൽ പ്രത്യേക വ്യവസ്ഥ വയ്ക്കണം. രജിസ്ട്രേഷൻ ഓഫീസുകളിലെ കമ്പ്യൂട്ടർവത്കരണത്തിൽ അപാകതകൾ വന്നിട്ടുള്ളതായി സി.എ.ജി. റിപ്പോർട്ടിൽ പറയുന്നുണ്ട്, അക്കാര്യം പരിശോധിക്കണം. ബിൽ കുറ്റമറ്റതാക്കാൻ നടപടികൾ സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ.എസ്. ശർമ്മ): ജനങ്ങളുടെ എല്ലാ സമ്പത്തിന്റേയും രേഖാപരമായ ആസ്ഥാനം എന്ന നിലയിൽ ഒരുപാട് വിമർശനങ്ങൾക്ക് വിധേയമാകുന്ന ഒരു വകുപ്പാണ് രജിസ്ട്രേഷൻ വകുപ്പ്. ബാദ്ധ്യതാ സർട്ടിഫിക്കേറ്റ് നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി രജിസ്ട്രേഷൻ ഓഫീസുകളിൽ സി.ഡിറ്റി-ന്റെ സഹായത്തോടെ ഡിജിറ്റൽ ഇമേജിംഗ് പ്രിന്റർ സ്ഥാപിക്കുകയും ജോലിഭാരം കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ ഓഫീസുകളിൽ അഴിമതി ഒഴിവാക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. 309 രജിസ്ട്രേഷൻ ഓഫീസുകൾ പൂർണ്ണമായും കമ്പ്യൂട്ടർവത്കരിച്ചു. അടിസ്ഥാനസൗകര്യങ്ങൾ തീരെയില്ലാത്ത പഴക്കംചെന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന രജിസ്ട്രേഷൻ

ഓഫീസുകൾ പുതുതായി നിർമ്മിക്കുന്നതിന് കഴിഞ്ഞവർഷത്തെ ബഡ്ജറ്റിൽ ആറുകോടി രൂപ ഉൾക്കൊള്ളിച്ചിരുന്നു. കൊട്ടാരക്കര സബ്-രജിസ്ട്രാർ ഓഫീസിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട തടസ്സങ്ങൾ നീക്കുന്നതാണ്. മുക്ത്യാർ നൽകുന്നതിലുള്ള കാലതാമസവും ബുദ്ധിമുട്ടും ഒഴിവാക്കുന്നതിനായി വിദേശത്തു താമസിക്കുന്ന ആളുകൾ നേരിട്ട് ഹാജരാകേണ്ടതില്ലെന്നും ഫോട്ടോ ഹാജരാക്കിയാൽ മതിയെന്നുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്ട്രഷൻ വഴിയുള്ള വരുമാനത്തിൽ കുറവുണ്ടാകാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. രജിസ്ട്രേഷനിൽ ക്രമക്കേട് കാണിക്കുന്നവരെ കണ്ടുപിടിക്കുവാനും പ്രസ്തുത രജിസ്ട്രേഷൻ ക്യാൻസൽ ചെയ്ത് ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുവാനും ബന്ധപ്പെട്ട കക്ഷികൾക്ക് തിരികെ നൽകുവാനുമുള്ള സംവിധാനങ്ങൾ ഒരുക്കുകയാണ് ഈ ഭേദഗതികളുടെ അടിസ്ഥാനപരമായ ലക്ഷ്യം. ആധാരമെഴുത്തുകാരുടെ തൊഴിൽ പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടുള്ള പരിഷ്കരണങ്ങൾ മാത്രമേ ഈ രംഗത്ത് നടപ്പിലാക്കുകയുള്ളൂ. ഈ വർഷം ഏപ്രിൽ മാസം മുതൽ ഫെയർ വാല്യൂവിന് താഴെ കുറച്ച് പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുവാൻ അനുവദിക്കുകയില്ല. അണ്ടർ വാല്യുവേഷൻ കേസ്സുകൾക്കുള്ള വൺ ടൈം സെറ്റിൽമെന്റ് ഒരു വർഷത്തേയ്ക്കുകൂടി നീട്ടുന്നതാണ്. സ്ഥലവില സംബന്ധിച്ച് മിനിമം റേറ്റ് ഫിക്സ് ചെയ്യുന്നതിൽ എന്തെങ്കിലും അനോമലിയുണ്ടെങ്കിൽ അപ്പീൽ കേൾക്കുന്നതിൽ തുറന്ന മനസ്സായിരിക്കും സർക്കാരിനുള്ളത്. ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2009-ലെ രജിസ്ട്രേഷൻ (കേരള ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2008-ലെകേരള വനം (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്ചെയ്ത പ്രകാരമുള്ള 2008-ലെ കേരള വനം (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. പ്രതിപക്ഷവുംകൂടി അംഗീകരിക്കുന്ന കാര്യങ്ങളാണ് ഈ ബില്ലിൽ പറഞ്ഞിരിക്കുന്നതെങ്കിലും ബില്ലിൽ ചില പോരായ്മകൾ ഉണ്ട്. ഭൂമിയിൽ വളരുന്ന ചന്ദനമരങ്ങളെ 'ചന്ദനത്തടി'-യുടെ നിർവ്വചനത്തിൽനിന്നും ഒഴിവാക്കണം. പ്രാതികാരം ചെയ്ത ഉദ്യോഗസ്ഥനെ നിയോഗിക്കുമ്പോൾ മുഖ്യ വനപാലകനേയോ അദ്ദേഹത്തിന്റെ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെയോ മാത്രമേ നിയോഗിക്കാവൂ സർക്കാർ ഭൂമിയിൽനിന്നോ വനത്തിൽനിന്നോ മറ്റ് സ്വകാര്യ ഭൂമിയിൽ നിന്നോ അനധികൃതമായി ചന്ദനമരം മുറിച്ചാൽ കടുത്ത ശിക്ഷ നൽകുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്യണം. ചാഞ്ഞ് നിൽക്കുകയോ ഏതെങ്കിലും ശിഖരത്തിന് ഉണക്ക് ബാധിക്കുകയോ ചെയ്താൽ ആ ചന്ദനമരത്തെ മുറിക്കാം എന്ന് നിയമത്തിൽത്തന്നെ പറയുന്നതുവഴി ചന്ദനമാഫിയകൾക്ക് പഴുത് നൽകുകയാണ് ചെയ്യുന്നത്. പ്രകൃതിയുടെ വരദാനവും രാജകീയ വൃക്ഷവുമായ ചന്ദനമരത്തെ സംരക്ഷിക്കേണ്ട ചുമതല ഓരോ പൗരനുമുണ്ട്. അതുകൊണ്ട് ഈ നിയമത്തെ ദുർവ്യാഖ്യാനം ചെയ്യാൻ

പാടില്ലാത്ത നിലയിലുള്ള വ്യവസ്ഥകൾ ഓരോ വകുപ്പിലും ഉൾപ്പെടുത്തണം. പ്രകൃതിയുടെ പരിവർത്തനംകൊണ്ടും മറ്റും വീഴുന്ന ചന്ദനമരങ്ങളെ മാത്രമേ മുറിച്ചുമാറ്റാൻ പാടുള്ളൂ എന്ന നിബന്ധന വ്യക്തമായി നിയമത്തിൽ ഉണ്ടാകണം. അങ്ങനെ വീഴുന്ന മരങ്ങളല്ലാതെ അവശേഷിക്കുന്ന ചന്ദന മരങ്ങളിൽ ഒരെണ്ണംപോലും നഷ്ടപ്പെടാൻ പാടില്ല. സംസ്ഥാനത്ത് ഏറ്റവും വലിയ മാഫിയാ പ്രവർത്തനം നടക്കുന്നത് ചന്ദനമരവും ആനക്കൊമ്പും കടത്തുന്നതിലാണ്. നിയമത്തിന്റെ ചെറിയ പഴുത് കിട്ടിയാൽ മാഫിയാ സംഘങ്ങൾ തലപൊക്കും. അതുകൊണ്ട് ഓരോ വകുപ്പിലും മാഫിയാ പ്രവർത്തനങ്ങൾ നടത്താതിരിക്കുന്നതിനാവശ്യമായ വ്യക്തമായ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കണം. പരിസ്ഥിതിക്ക് ഗുണമേന്മ ഉണ്ടാക്കുന്ന ചന്ദനമരം സ്വകാര്യ വ്യക്തികൾപോലും വച്ചുപിടിപ്പിക്കുന്നതിന് പ്രത്യേക പ്രോത്സാഹനം നൽകണം. ആഗോള താപനത്തെപ്പോലും ഒരു പരിധിവരെ ക്രമീകരിക്കുന്ന ഒന്നാണ് ചന്ദനമരം. അതുകൊണ്ട് അത്തരം മരങ്ങളെ നശിപ്പിക്കാതിരിക്കുന്നതിനും കൂടുതൽ വച്ചുപിടിപ്പിക്കുന്നതിനും വേണ്ടി വനം വകുപ്പ് ഒരു ക്യാംപെയിൻ നടത്തണം. താളിയോലകളിലും മറ്റ് ഐതീഹ്യപുസ്തകങ്ങളിലും വിലമതിക്കപ്പെടാത്ത ഒന്ന് എന്ന് വിശേഷിപ്പിക്കുന്ന ചന്ദനമരത്തെ പ്രത്യേകം സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം. സെക്ഷൻ 47(ബി) അനുസരിച്ചുള്ള വ്യവസ്ഥകൾ കുറേക്കൂടി കർക്കശമാക്കണം. മതസ്ഥാപനങ്ങൾക്കും ശില്പകാരന്മാർക്കും നാട്ടുമരുന്നിന്റെ ലൈസൻസുള്ള നിർമ്മാതാക്കൾക്കും രജിസ്റ്റർ ചെയ്തിട്ടുള്ള വൈദ്യന്മാർക്കും മറ്റും കൈവശം വയ്ക്കാവുന്ന ചന്ദനത്തൈലത്തിന്റെ പരിധിയും കൈവശം വയ്ക്കാവുന്ന തീയതിയും വ്യക്തമായി ബില്ലിൽ വ്യവസ്ഥ ചെയ്യണം. മതസ്ഥാപനങ്ങളും ക്ഷേത്രങ്ങളും മറ്റും ഉണങ്ങി

വീഴുന്നതും കടയറ്റുപോകുന്നതുമായ ചന്ദനമരം മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. ജീവനുള്ള ഒരു ചന്ദനമരം പോലും നശിപ്പിക്കാൻ പാടില്ല. ഒരു ചന്ദന മരത്തിൽ 50 വർഷം കഴിഞ്ഞാൽ മാത്രമേ കാതൽ ഉണ്ടാകുകയുള്ളൂ എന്നുള്ളതുകൊണ്ട് അത്രയുംനാൾ ഒരു മരത്തെ സംരക്ഷിച്ചാൽ മാത്രമേ ഉദ്ദേശിക്കുന്ന വസ്തുക്കളെല്ലാം ചന്ദനമരത്തിൽനിന്നും ലഭ്യമാകുകയുള്ളൂ. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒറ്റ ചന്ദനമരംപോലും മുറിച്ചുമാറ്റപ്പെടാതിരിക്കാൻ പരിശ്രമിച്ചിരുന്നു. കേരളത്തിൽ നിലവിലുള്ള ക്ഷേത്രങ്ങൾക്കും ആരാധനാലയങ്ങൾക്കും ആവശ്യമായ ചന്ദനം അവരുടെ പക്കൽ തന്നെയുണ്ടാകും.കളഭം എന്ന പേരിൽ ചന്ദനത്തിന്റെ വ്യാജപ്പൊടി വിറ്റ് മനുഷ്യന്റെ ആരോഗ്യത്തെ നശിപ്പിക്കുന്നത് അവസാനിപ്പിക്കണം. 2010 വർഷത്തിൽ 'എന്റെ മരം' പദ്ധതിപോലെയുള്ള പദ്ധതികൾ കൊണ്ടുവന്ന് സ്വന്തം സ്ഥലത്ത് ചന്ദനം പോലുള്ള മരങ്ങൾ വച്ചുപിടിപ്പിക്കാൻ പ്രോത്സാഹനം കൊടുക്കണം. മരങ്ങളെ സ്വന്തം കുഞ്ഞുങ്ങളെപ്പോലെ പരിപാലിക്കാനുള്ള മനസ്സുണ്ടാകണം. കൈവശം വയ്ക്കാവുന്ന ചന്ദനത്തിന്റെയും ചന്ദനതൈലത്തിന്റെയും അളവ് കൃത്യമായി പറയണം. മാത്രമല്ല അവ കൈമാറ്റം ചെയ്യാനോ വിൽക്കാനോ ഉള്ള കാലപരിധി നിശ്ചയിക്കണം. അതിനുശേഷം ഗവൺമെന്റിന് കൈമാറാനുള്ള. വ്യവസ്ഥ ഉൾക്കൊള്ളിക്കണം. അങ്ങനെ നിശ്ചിത കാലപരിധിക്കുള്ളിൽ ഗവൺമെന്റിന് കൈമാറാതെ വന്നാൽ അതിനുള്ള ശിക്ഷണ നടപടികൾ ബില്ലിൽ വ്യവസ്ഥ ചെയ്യണം. തടിയോ തൈലമോ ഗവൺമെന്റ് ഏറ്റെടുത്താൽ, ഏറ്റെടുക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം വില ഉടമകൾക്ക് നിർബന്ധമായും നൽകുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ചേർക്കേണ്ടത് അനിവാര്യമാണ്. ചന്ദനമരം കൊള്ളയും ചന്ദന തൈലം വിൽപ്പനയും മറ്റ് ഏത് മരങ്ങൾ മുറിക്കുന്നതിനേക്കാളും

വലിയ കുറ്റമായി കാണണം. സാധാരണ ജനങ്ങൾക്ക് വായിച്ചാൽ മനസ്സിലാകുന്ന രീതിയിൽ നിയമനിർമ്മാണത്തിലെ മലയാള ഭാഷ ലളിതവത്ക്കരിക്കണം. മലയാള ഭാഷയിൽ കാലോചിതമായ മാറ്റം വരുത്തു ന്നതിന് നിയമ വകുപ്പിന് പരിശീലനം നൽകണം. വാക്കുകൾ സാമാന്യവ ത്ക്കരിക്കാൻ വേണ്ടി ശില്പശാല നടത്തണം. മറയൂരിന് പ്രത്യേക സംരക്ഷണം നൽകണം. പഴുതുകൾ മുഴുവൻ അടച്ചുകൊണ്ട് ജനോപ കാരപ്രദമായ നിയമമാക്കി മാറ്റണം.

ശ്രീ. എം. ഹംസ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ വനം(ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1961-ലെ മൂലനിയമ ത്തിൽ ചന്ദനമരത്തെപ്പറ്റി പരാമർശിക്കാതിരുന്നത് ചന്ദന മാഫിയയെയും ചന്ദന കൊള്ളക്കാരെയും സഹായിക്കുന്നതിനുവേണ്ടിയല്ലേ എന്ന സംശയമു ണ്ടാക്കുന്നുണ്ട്. വനം കൊള്ളക്കാരെ നിയന്ത്രിക്കാനുള്ള നിയമം സഭയിൽ അവതരിപ്പിക്കാൻ വകുപ്പുമന്ത്രി കാണിച്ച ഇച്ഛാശക്തിയെ അഭിനന്ദിക്കുന്നു. വനത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കാനും 'ഇന്ദിരാ പ്രീയദർശിനി വൃക്ഷമിത്ര' അവാർഡ് വാങ്ങാനും കഴിയുന്ന രീതിയിൽ കേരളത്തെ മാറ്റി എടുക്കാൻ കഴിഞ്ഞു. ഈ നിയമത്തിലെ 47 (എ) കൂട്ടിച്ചേർക്കുമ്പോൾ അകിൽ, വെള്ളകിൽ, ചന്ദനമരം തുടങ്ങിയവയ്ക്ക് പ്രത്യേകം പ്രത്യേകം നിർവ്വചനം ബില്ലിൽ ഉൾക്കൊള്ളിക്കണം. സസ്യശാസ്ത്രം കൈകാര്യം ചെയ്യുന്ന ഒരാളിന്റേയും കെമിക്കൽ എക്സാമിനറുടേയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ചന്ദനം മുറിക്കുന്നവരുടെ പേരിൽ ശിക്ഷ ഉൾപ്പെടെയുള്ള നടപടികളിലേയ്ക്ക് പോകാൻ പാടുള്ളൂ. 47 (ബി)-യിൽ 4-ാം ഉപവകുപ്പായി ഒരു ചന്ദനമരം വെട്ടുമ്പോൾ മൂന്ന് ചന്ദനമരം

വച്ചുപിടിപ്പിക്കണമെന്നുള്ളതു കൂടി കൂട്ടിച്ചേർക്കണം. 47 (എഫ്)-ൽ ചന്ദനത്തടിയും ചന്ദനത്തൈലവും വാങ്ങുക, വിൽക്കുക മുതലായവയ്ക്കുള്ള നിയന്ത്രണം സംബന്ധിച്ച് പറയുന്നു. അതിൽ ലൈസൻസുള്ള യാതൊരാളും എന്നതിൽ ദേവാലയങ്ങൾക്കും ഡോക്ടർമാർക്കും പരിരക്ഷ കൊടുക്കുന്ന രൂപത്തിൽ ആവശ്യമായ ക്ലാസ് ചേർക്കുന്നത് നന്നായിരിക്കും. 47 (ജി)-യിൽ പിഴ നിശ്ചയിക്കുമ്പോൾ അത് 'പതിനായിരം രൂപയിൽ കുറയാത്തതും എന്നാൽ ഇരുപത്തി അയ്യായിരം രൂപവരെയാകാവുന്നതുമായ പിഴയും' എന്നതിനുപകരം 'ഇരുപത്തി അയ്യായിരം രൂപയിൽ കുറയാത്തതും എന്നാൽ ഒരുലക്ഷം രൂപവരെയാകാവുന്നതുമായ പിഴയും' എന്നുള്ള പ്രൊവിഷൻ കൊണ്ടുവരണം. 'എന്നാൽ രണ്ടാമത്തേയോ അല്ലെങ്കിൽ പിന്നീടുള്ളതോ ആയ ഒരു കുറ്റത്തിന്റെ സംഗതിയിൽ, തടവ് അഞ്ച് വർഷക്കാലയളവിൽ കുറയാൻ പാടില്ലാത്തതും പിഴ ഇരുപതിനായിരം രൂപയിൽ കുറയാൻ പാടില്ലാത്തതുമാണ്'' എന്നുള്ളത് 'എന്നാൽ രണ്ടാമത്തേയോ അല്ലെങ്കിൽ പിന്നീടുള്ളതോ ആയ ഒരു കുറ്റത്തിന്റെ സംഗതിയിൽ, തടവ് അഞ്ച് വർഷക്കാലയളവിൽ കുറയാൻ പാടില്ലാത്തതും പിഴ ഒരുലക്ഷം രൂപയിൽ കുറയാൻ പാടില്ലാത്തതുമാണ്' എന്ന് മാറ്റണം. അതുപോലെ സ്ഥാപനങ്ങൾ ഇതേ കുറ്റം ചെയ്താൽ 'ഇരുപത്തി അയ്യായിരം രൂപയിൽ കുറയാത്തതും എന്നാൽ ഒരു ലക്ഷം രൂപ വരെയാകാവുന്നതുമായ പിഴ' എന്നുള്ളത് 'ഒരു ലക്ഷം രൂപയിൽ കുറയാത്ത തുക പിഴ' എന്ന് മാറ്റണം. അതുപോലെ കുറ്റം വീണ്ടും ആവർത്തിച്ചാൽ ലൈസൻസ് കണ്ടുകെട്ടാനുള്ള കർശനമായ

നിലപാട് സ്വീകരിക്കണം. മരം സംരക്ഷിക്കുന്നതിനും പരിസ്ഥിതി സംരക്ഷിക്കുന്നതിനുമുള്ള ഈ ഗവൺമെന്റിന്റെ പരിശ്രമങ്ങളെ അഭിനന്ദിക്കുന്നതോടൊപ്പംതന്നെ റോഡ് സൈഡിലുള്ള മരങ്ങളിൽ പരസ്യബോർഡുകൾ വയ്ക്കുന്നത് നിരോധിക്കാനുള്ള കർശനമായ നിയമം കൊണ്ടുവരികയും പൊതുമുതൽ നശീകരണത്തിന്റെ പേരിൽ അവരെ ശിക്ഷിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം. അതുപോലെ സ്വകാര്യ വ്യക്തികൾ കയ്യേറിയ വനഭൂമി തിരിച്ചുപിടിക്കുന്നതിനുള്ള നിലപാടുണ്ടാകണം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2008-ലെ കേരള വനം (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിൽ സംരക്ഷിക്കപ്പെടേണ്ട വൃക്ഷങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് ചന്ദനമരം. നമ്മുടെ ജീവിത പാരമ്പര്യവുമായി ബന്ധപ്പെട്ടുകിടക്കുന്ന ചന്ദന മരത്തെ സംരക്ഷിക്കാനുള്ള ആർജ്ജവം കാണിക്കാൻ കേരളീയ സമൂഹത്തിന് കഴിയണം. ഈ മരങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം പുതുതായി ചന്ദന മരങ്ങൾ വച്ചുപിടിപ്പിക്കാനുള്ള സംവിധാനം കേരളത്തിലുണ്ടാകണം. വനങ്ങൾ സംരക്ഷിക്കാൻവേണ്ടി മുന്നോട്ടുവരുന്ന വനസംരക്ഷണ സമിതികൾക്ക് മതിയായ സുരക്ഷാ സംരക്ഷണം നൽകാൻ കഴിയണം. ഒരു വ്യക്തമായ പഠനത്തിന്റെ അടിസ്ഥാനത്തിലല്ല ഈ ബില്ലിലെ ഉദ്ദേശ്യകാരണങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. ഒരു സിദ്ധൗഷധമായി കണ്ടിരുന്ന ചന്ദനം ഇന്ന് കേരളത്തിൽ നഷ്ടപ്പെടുന്ന അവസ്ഥയിലാണ്. ചന്ദനഫാക്ടറികൾ അടച്ചുപൂട്ടുകയോ അവയ്ക്ക് ലൈസൻസ് കൊടുക്കാതിരിക്കുകയോ

ചെയ്യുന്നതുകൊണ്ടുമാത്രം ചന്ദനമരങ്ങൾ സംരക്ഷിക്കാൻ കഴിയില്ല. ചന്ദനമരങ്ങളില്ലാത്ത സംസ്ഥാനങ്ങളിൽ ചന്ദനഫാക്ടറികൾക്ക് നിർലോഭം ലൈസൻസ് കൊടുക്കുകയാണ്. വിലയുമായി മത്സരിച്ചുകൊണ്ട് കേരളത്തെ വിപണിയിൽ എത്തിക്കണമെങ്കിൽ ലേലത്തിൽ വിൽക്കുന്നതാണോ ഇതൊരു പൊതുമേഖലയിൽ ഉല്പാദിപ്പിച്ച് വിൽക്കുന്നതാണോ ഗവൺമെന്റിന് ലാഭകരമെന്നുള്ളത് പരിശോധിക്കപ്പെടേണ്ടതാണ്. അന്യസംസ്ഥാനങ്ങളിൽ ചന്ദനത്തോട്ടം ആരംഭിക്കാനുള്ള ലൈസൻസ് കൊടുക്കുന്നതുപോലെ കേരളത്തിൽ സ്ഥാപനങ്ങൾക്ക് ചന്ദന പ്ലാന്റേഷൻ നടത്താനുള്ള അനുമതി നൽകാൻ കഴിയുമോ എന്നുള്ളത് ആലോചിക്കേണ്ടതാണ്. ഒരുകിലോഗ്രാം വരെ ചന്ദനത്തടി കൈവശം വയ്ക്കാമെന്നുപറയുന്നതിനുപകരം ഉത്തരവാദപ്പെട്ട, ലൈസൻസുള്ള, ടാക്സ് ഈടാക്കാൻ കഴിയുന്ന സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്ന ചന്ദന ശില്പങ്ങൾ സൂക്ഷിക്കാൻ കഴിയുമെന്ന രീതിയിലും 100 ഗ്രാംവരെ ചന്ദനത്തൈലം കൈവശം സൂക്ഷിക്കാം എന്നുപറയുന്നതിനുപകരം ഉത്തരവാദപ്പെട്ട, ലൈസൻസുള്ള സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന ചന്ദനത്തൈലം കൈവശം സൂക്ഷിക്കാം എന്നരീതിയിലും നിയമത്തിൽ മാറ്റം വരുത്തണം. ചന്ദന റിസർവായ ആര്യങ്കാവ് പ്രദേശങ്ങളിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ സാൻഡൽ ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിച്ച് അവയെ സംരക്ഷിക്കാനുള്ള സംവിധാനമുണ്ടാകണം. വനംകൊള്ള നിർബാധം തുടരുന്ന ഈ അവസ്ഥയിൽ ചന്ദന കള്ളക്കടത്ത് നിറുത്താൻ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര കർമ്മസേന രൂപീകരിക്കുന്നതുൾപ്പെടെ ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന് കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിക്കുന്ന കാലത്താണ് വ്യക്തികൾക്ക് ചന്ദനം

ക്രയവിക്രയം നടത്താനുള്ള ലൈസൻസ് കൊടുത്തത്. വനപാലകർക്ക് ശാസ്ത്രീയമായ രീതിയിൽ പരിശീലനം നൽകാനും അന്താരാഷ്ട്ര നിലവാരമുള്ള ഒരു ഫോറസ്റ്റ് അക്കാഡമി സ്ഥാപിക്കാനും നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ മുന്നോട്ടു വച്ച ക്രിയാത്മകമായ വിമർശനങ്ങൾക്കും നിർദ്ദേശങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. സാദ്ധ്യമായ എല്ലാ മാർഗ്ഗത്തിലൂടെയും കേരളത്തിലെ വനസമ്പത്തും ചന്ദനസമ്പത്തും ജൈവവൈവിദ്ധ്യവും കാത്തു സൂക്ഷിക്കാൻ പ്രതിജ്ഞാബദ്ധമായ ഒരു ഗവൺമെന്റാണിത്. ചന്ദനമരത്തെ സംരക്ഷിക്കാൻ. 2000 -ലെ കേരളാ ഫോറസ്റ്റ് ആക്ടിൽ ഭേദഗതി ആവശ്യമാണെന്നു മനസ്സിലാക്കി കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടുകൂടിയാണ് ഈ രൂപത്തിൽ ഒരു ഭേദഗതി ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളെ സംബന്ധിച്ച് വിവരിച്ച കാര്യങ്ങളിൽ പാളിച്ച പറ്റിയുണ്ടെന്ന ബഹുമാനപ്പെട്ട ഒരംഗത്തിന്റെ പ്രസ്താവന ശരിയല്ല. ഇന്ത്യയിൽ ഉല്പാദിപ്പിക്കുന്ന ചന്ദന ഉല്പന്നങ്ങളോട് കിടപിടിക്കാൻ മറ്റു രാജ്യങ്ങളിലെ ചന്ദന ഉല്പന്നങ്ങൾക്കൊന്നും കഴിയില്ലെന്ന സത്യം അംഗീകരിക്കാൻ നാം തയ്യാറാകണം. കേരളത്തിൽ സ്വകാര്യമേഖലയിൽ ചന്ദനഫാക്ടറികൾ സ്ഥാപിക്കണമെന്ന ഒരു നിർദ്ദേശം ഇന്നത്തെ ചർച്ചയിൽ ഉയർന്നു വരികയുണ്ടായി. 2004-ലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2005-ൽ കേരളത്തിലെ എല്ലാ സ്വകാര്യ ചന്ദനഫാക്ടറികളും അടച്ചു പൂട്ടുകയുണ്ടായി.. ഇന്ത്യയിലെ എല്ലാ സ്വകാര്യ ചന്ദന ഫാക്ടറികളും അടച്ചു പൂട്ടണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. കേരളത്തിൽ അടച്ചു പൂട്ടിയ പല സ്വകാര്യ ചന്ദനഫാക്ടറി ഉടമകളും അവരുടെ വേഷവും പേരും മാറി പല സ്ഥലങ്ങളിലും ഫാക്ടറികൾ

സ്ഥാപിച്ചതായി മനസ്സിലാക്കാനും വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സഹായ ത്തോടെ അവയൊക്കെ പിടിച്ചെടുക്കാനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ചന്ദനമാഫിയയിലെ പ്രബലരായ കണ്ണികളെ പിടികൂടാൻ കഴിഞ്ഞത് അഭിനന്ദ നാർഹമായ കാര്യമാണ്. വനപാലകർക്ക് ശാസ്ത്രീയമായ രീതിയിൽ പരിശീലനം നൽകാനും അന്താരാഷ്ട്ര നിലവാരമുള്ള ഒരു ഫോറസ്റ്റ് അക്കാഡമി സ്ഥപിക്കാനും നടപടി സ്വീകരിക്കും. പശ്ചിമഘട്ട മലനിരകളുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ഒരു ഫോറസ്റ്റ് ഗവേഷണ കേന്ദ്രം ആരംഭിക്കാൻ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്, അത് ഉടനെ ആരംഭിക്കുന്നതാണ്. ചന്ദനമരത്തിന്റെ പ്രാധാന്യത്തേയും വിലയേയും കണക്കിലെടുത്തുകൊണ്ട് എന്തു വില കൊടുത്തും അവയെ കാത്തു സൂക്ഷിക്കുമെന്ന് ഈ സർക്കാർ ഉറപ്പു നൽകുകയാണ്. ഗവൺമെന്റിന്റെ പരിശ്രമങ്ങൾക്ക് ഭരണ-പ്രതിപക്ഷ കക്ഷിഭേദമന്യേ ഈ സഭയുടെ ഇരുഭാഗത്തുനിന്നും പിന്തുണയുണ്ടാ കണമെന്ന് അഭ്യർത്ഥിക്കുന്നു. .

ഭേദഗതികൾ സഭ നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള വനം (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിച്ചു.

In the Kerala Forest (Amendment) Bill, 2008 as reported by the Subject Committee, In section 47 A (a) proposed to be inserted in the

Principal Act by clause 2 of the Bill, for the words "any portion of sandal" the words " any portion of timber of sandal" shall be substitued.

In clause 47B, in the proviso to sub-clause (2), for the words “a Committee consisting of three members” the words “a Committee for each district consisting of three members” shall be substituted.

In clause 47C, in the first proviso to sub-clause (i), for the words “transport of a sandal wood”, the words “transport of sandal wood” shall be substituted.

In section 47 H, after the word "any sandal wood" the words" the sandal wood" shall be inserted.

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

(183) In the first proviso to Section 47C(1) proposed to be inserted in the principal Act by clause 2 the words:

(i) “or public sector undertaking owned by Government” shall be deleted.

(ii) In sub-clause (2), after the word “Government” the words “or public sector undertakings owned by Government” shall be inserted.

(184) In Section 47F(1) proposed to be inserted in the Principal Act by clause 2 after the words “authorised officer” the words

"or public sector undertakings owned by Government or any other agency authorised by Government on this behalf" shall be inserted.

111, 115, 120, 126, 131, 133, 142, 147, 150, 153, 155, 161, 165,168, 172, 175,179, 182 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

115-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടി മന്ത്രി സ്വീകരിച്ചു

(115) In Section 47A (b) proposed to be inserted in the Principal Act by clause 2 for the words "or any other officer" shall be substituted with the words "or conservator of forests"എന്നതിൽ "conservator of forests".എന്നതിനു പകരം not below the rank of D.FO എന്ന് ഭേദഗതി വരുത്തണം.

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ബിനോയ് വിശ്വം);</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള വനം (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ):</u> പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി

സഭ വൈകുന്നേരം 4.15-ന് പിരിഞ്ഞു.